വേദപ്രചാര

മദ്ധ്യസ്ഥൻ.



പുസ്തകം ൫) ഫെബ്രുവരി നവംബർ (ലക്കം ൫.

Liscence No. 183.

വിഷയവിവരണിക

ക. ശ്രീചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ
ഭരണാധികാരപ്രതിഷ്ഠാപനം. (പരസ്യക്കല്പന)
പ. ശ്രീ. എ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്

൨. മംഗളം

൩. നവംബർ മാസത്തിലും തോമ്മാശ്ലീഹാ.
റവ. ഡോക്ടർ പ്ലാസിഡു ററി ഒ. സി. ഡി.

൪ ജപമാല
റവ. ഫാദർ ജെ. കെ.

൫ കത്തോലിക്കാമതപഠനം (തുടർച്ച)
കെ. ജംസു ജി. കണ്ടത്തിൽ.

൬ വിപത്തിൽ വി. യൌസേപ്പിന്റെ സഹായം.(തുടർച്ച)

൭ ശ്രേഷ്ഠകസ്ഥാനത്തിലെ ആത്മാവുകൾ

൮ ദുഷ്ടത്വം.
കുഞ്ഞൻ വള്ളുവന്തറ.

൯ കത്തോലിക്കുരുമാണു പുതിയഇന്തൃയുടെ അടിസ്ഥാനം
ഒരു അകത്തോലിക്കന്റെ അഭിപ്രായം

൧൦ ഈശോ നിന്നെ വിളിക്കുന്നു.
റവ. പീ. സി. ജോസഫ്.

൧൧ നവമ്പർ മാസത്തെ പൊതുവും പ്രത്യേകവുമായ നിയോ
ഗങ്ങളും.

൧൨ പ്രസാധക പ്രഭാഷണങ്ങളും

൧൩ കത്തോലിക്കായും

മദ്ധ്യസ്ഥൻ.

പുസ്തകം ൪)　　നവംബർ　　(ലക്കം൫.

നമ്പർ 15.

ദൈവകൃപയാലും

പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും

ചങ്ങനാശ്ശേരിരൂപതയുടെ

മെത്രാനായ നാം



കാളാശ്ശേരിൽ　　ജയിംസ്

മെത്രാൻ

നമ്മുടെ ആജ്ഞയിൻകീഴുള്ള പള്ളികളിലെ ബ. വികാരിമാക്കും, അസിസ്റ്റേന്തിമാക്കും, ഇടവകപട്ടക്കാക്കും, സന്ന്യാസാന്തസ്സുകാക്കും, വിശ്വാസികൾക്കും എല്ലാവക്കും നമ്മുടെ കർത്താവീശോമിശിഹായിൽ സമാധാനവും ആശീർവാദവും.

"Obsecro primum fieri obsecrationes, orationes, postulationes, gratiarum actiones pro omnibus hominibus, pro regibus, et omnibus qui in sublimitate sunt, ut quietam et tranquillam vitam agamus in omni pietate et castitate". (I Tim. II, 1-2).

"സകല മനുഷ്യർക്കുവേണ്ടിയും യാചനകളും പ്രാർത്ഥനകളും അവശ്യപ്രശ്നങ്ങളും സ്തോത്രങ്ങളുംചെയ്യണമെന്നു ഞാൻ എല്ലാറ്റിനും മുമ്പായി അപേക്ഷിക്കുന്നു. നാം സർവ്വഭക്തിയിലും ശുദ്ധതയിലും സ്വസ്ഥവും ശാന്തവുമായജീവിതം കഴിക്കേണ്ടതിന്നു രാജാക്കന്മാർക്കുവേണ്ടിയും ഉന്നതിയിലിരിക്കുന്ന സകലർക്കുവേണ്ടിയും (പ്രാർത്ഥിക്കണം)".

നമ്മുടെ മാതൃരാജ്യമായ വഞ്ചിഭൂമിയുടെഭരണകർത്തൃത്വം പ്രശാന്തഗംഭീരനും വിനയസമ്പന്നനും യൗവനയുക്തനുമായ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു കയ്യേൽക്കുന്നതു് ഈ നവംബർ 6-ാം തീയതി (തുലാമാസം 20-ാം തീയതി) വെള്ളിയാഴ്ച ആണല്ലോ. ആ സുദിനത്തിൽ നമുക്കു ആ തിരുമേനിയുടെ നേർക്കുള്ള ഭക്ത്യാദരങ്ങളെ സസന്തോഷം തിരുമനസ്സറിയിക്കുന്നതോടുകൂടി, നമ്മുടെ അധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന ബ. വൈദികരും വാത്സല്യവിശ്വാസികളുമായ നിങ്ങളും ഏകോപിച്ചു ആ സുവർണ്ണാവസരത്തെ സാഘോഷം കൊണ്ടാടണമെന്നു് നാം ആഗ്രഹിക്കയും ചെയ്യുന്നു.

വന്ദ്യസഹോദരരെ! വാത്സല്യമക്കളെ!

"എല്ലാ അധികാരവും ദൈവത്തിൽനിന്നാ"കകൊണ്ടു് നിയമാനുസൃതമായ അധികാരത്തോടുള്ള ബഹുമാനവുംഅനുസരണവും അതിനു ചെല്ലേണ്ടതായ ഭോഗങ്ങൾകൊടുക്കേണ്ടതിനുള്ള സന്നദ്ധതയും നമുക്കു് എപ്പോഴും ഉണ്ടായിരിക്കണമെന്നു് നമ്മുടെ അനുമോദനാഥനായ ഈശോമശിഹാ സ്വമാതൃകയും പ്രസംഗവുംമൂലം നമ്മെ പഠിപ്പിച്ചിട്ടില്ലെ? ഈ തന്റെ പ്രബോധനത്തെ മനസ്സാലാക്കിയതുകൊണ്ടാണല്ലോ, തന്നെ അനുകരിച്ചു പുറജാതികളുടെ അപ്പോസ്തലനായ തന്റെ പ്രിയശിഷ്യൻ വി. പൌലോസു തിമോത്തിക്കു എഴുതിയ ഒന്നാം ലേഖനം രണ്ടാം അദ്ധ്യായം രണ്ടാം വാക്യത്തിൽ രാജാക്കന്മാർക്കും ,ഉന്നതിയിലിരിക്കുന്ന മറ്റെല്ലാവർക്കുംവേണ്ടി പ്രാർത്ഥിക്കണമെന്നു് അനുശാസിച്ചിട്ടുള്ളതു്. ഈ ശാസനത്തെ ആദിമക്രിസ്തീയസഭ അക്ഷരശ്ലഃ അനുസരിച്ചിരുന്നുവെന്ന ചരിത്രം സാക്ഷിക്കുന്നുണ്ടു്. അതിനാലല്ലയോക്രിസ്ത്യാനികൾ എല്ലാകാലത്തും രാജാധികാരത്തോടു അനുസ

രണവും ബഹുമാനവുമുള്ളവരായി വർത്തിച്ചിട്ടുള്ളതും വർത്തിച്ചുപോരുന്നതും. എന്തെല്ലാം അസമതകൾ അനുഭവിച്ചാലും അധികാരത്തോട് എതുക്കുന്നതിനു കത്തോലിക്കർ മുതിരാതിരിക്കുന്നതു് ഈ ശാസനത്തിന്റെ ശക്തിമൂലമത്രെ.

സുറിയാനിക്രിസ്ത്യാനികൾരാജഭക്തിയിൽ അദ്വിതീയന്മാരാണെന്നു ഇപ്പോൾ രാജ്യഭാരം ഏൽക്കുവാൻ തുടങ്ങുന്ന തിരുമേനിയുടെ ഒരു വന്ദ്യപുരോഗാമി, പരേതനായ വിശാഖം തിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു്, "ശ്രീപരശുരാമൻ തന്നെ വീണ്ടും കേരളത്തെ സന്ദർശിക്കുന്നുവെങ്കിൽസുറിയാനിക്രിസ്ത്യാനികളെക്കാൾ കൂടുതൽ രാജഭക്തിയുള്ള പ്രജകളെ കണ്ടെത്തുവാൻ അദ്ദേഹത്തിനു സാധിക്കയില്ല" എന്നു കല്പിച്ചിട്ടുള്ളതിൽനിന്നും വ്യക്തമാകുന്നുണ്ടല്ലോ? ആ തിരുമേനിയുടെ പിൻഗാമിയായ ശ്രീചിത്തിരതിരുനാൾ തിരുമനസ്സിൽനിന്നും,സുറിയാനിക്രിസ്ത്യാനികളായ കത്തോലിക്കരെക്കുറിച്ചു യഥാവസരം അതേ അഭിപ്രായംതന്നെ പുറപ്പെടുവിക്കാൻ ഇടയാകുമെന്നുള്ളതിൽ നമുക്കു യാതൊരു സംശയവുമില്ല.

ആയതിനാൽ ഒരു യഥാർത്ഥഭരണകർത്താവിനു ആവശ്യമായ സമഭാവനയോടും നീതിയോടും വാത്സല്യത്തോടുംകൂടി തന്റെ പ്രജകൾക്കെല്ലാം മനസ്സാക്ഷിസ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തുകൊണ്ടു് ദീർഘകാലം അവരെ ഭരിച്ചു് സമാധാനത്തിലും സംതൃപ്തിയിലും ഐശ്വര്യത്തിലും ഏകയോഗക്ഷേമമായി അവർ ജീവിക്കുന്നതിനെ തുക്കൺപാത്തു്, ആയുരാരോഗ്യാദി ഐശ്വര്യങ്ങളോടുകൂടി വാഴുന്നതിനു നമ്മുടെ മഹാരാജാവുതിരുമേനിക്കു് സർവശക്തനായ ദൈവം അവിടുത്തെ വിശിഷ്ടാനുഗ്രഹങ്ങളെ പ്രദാനം ചെയ്യുന്നതിനായി നമ്മോടൊന്നിച്ചു നിങ്ങളും എല്ലാവരും പ്രാർത്ഥിക്കുന്നതുകൂടാതെ, ആ സുവർണ്ണദിനത്തിൽ നമ്മുടെ എല്ലാദേവാലയങ്ങളിലും പ്രഭാതത്തിൽ സന്തോഷസൂചകമായി കാൽമണിക്രൂർനേരത്തേയ്ക്കു് കൃത്യമണികൊട്ടുകയും, അവിടുത്തെ തിരുവയസ്സിനെ സൂചിപ്പിച്ചു പതിനെട്ടു കതിനാവെടികളും പൊട്ടിക്കയും ചെയ്തുകൊണ്ടു് എല്ലാവരും പള്ളിയിൽ പ്രവേശിച്ചു് അന്നത്തെ വി. കുർബാനയിൽസംബന്ധിച്ചു് മഹാരാജാവിനുവേണ്ടിപ്ര

ത്തേകം പ്രാർത്ഥിക്കയും ചെയ്യുന്നതുകൂടാതെ ബ. വികാരിമാർ "ലാക് അലാഹാ" എന്ന സ്തോത്രഗീതം പാടുകയും അതിനുശേഷം വി. കുർബാനയുടെ ആശീർവാദം നല്കുകയും വേണമെന്നു് നാം ആജ്ഞാപിക്കുന്നു.

കൂടാതെയും നമ്മുടെ ശ്രുപതയിലുള്ള എല്ലാ സ്കൂളുകളിലും യുവജനസമാജങ്ങളിലും പൊതുയോഗങ്ങളും കൂടി രാജഭക്തി പ്രദ്യോതകങ്ങളായ പ്രസംഗങ്ങളും നടത്തുകയും തദനന്തരം മഹാരാജാവിന്റെ ഛായാപടത്തോടുകൂടി നിവൃത്തിയുള്ളിടത്തെല്ലാം രഥോത്സവയാത്രകഴിക്കയുംചെയ്യണമെന്നും നാംആജ്ഞാപിക്കുന്നു.

ബാവായുടേയും പുത്രന്റെയും റൂഹാദക്കുദിശായുടേയുംനാമത്തിൽ നിങ്ങളേവരേയും നാം ആശീർവ്വദിക്കുന്നു.

N. B:—നമ്മുടെ ഈ കല്പന അടുത്ത കടമുള്ള ഒരു ദിവസം പള്ളിയിൽ വായിച്ചുകൊള്ളണം.

എന്നു്

ജയിംസു് കാളാശേരിൽ

ചങ്ങനാശേരിൽ
നമ്മുടെ ആരമനയിൽനിന്നും
ഫൻസ്ത ഫ്രെക് ടോബർ ൨൰.
വി. ഹില്ലാരിയാസു് തിരുനാൾ.

ച. ശ്രുപതയുടെ മെത്രാൻ.

മംഗളം.

നാടാകെസ്വർഗ്ഗമായീ, നരനിരസുരരോടൊപ്പമായീ, വിഘാതം—
കൂടാതാനന്ദസാരാമൃതമതനുഭവിപ്പാറമായു് 'മേലെനിക്കും'
പാടാറായു് വഞ്ചിനാട്ടിൻവരതുണചരിതം, ചിത്രനക്ഷത്രജാതൻ
ചൂടാറായു്പ്പൊൻകിരീടം, മഹിതസുദിനമേ! മാഗളംമംഗളംതേ

മദ്ധ്യസ്ഥൻ

നവംബർമാസത്തിലും തോമ്മാശ്ലീഹാ.

(ഫാദർ. പ്ലാസിഡ് റെറി. ഒ. സി. ഡി.)

മാർതോമ്മാശ്ലീഹാ കേരളത്തിൽ കാലുകുത്തിയിട്ടില്ലെന്നുപ റയുന്നവരുണ്ടായേക്കാം. പക്ഷെ, തന്റെ പ്രേഷിതവൃത്തിയുടെ ഓമ്മയായി ശ്ലീഹാതന്നേ മലങ്കരനസ്രാണികളുടെ ഹൃദയത്തിൽ പതിച്ചിരിക്കുന്ന മുദ്ര മായിച്ചുകളയുവാൻ ആർക്കും തന്നേസാധിക്ക കയില്ല. ശ്ലീഹായുടെ മരണത്തേയും, ശ്ലീഹായുടെ മദ്ധ്യസ്ഥതയിൽ നടന്ന അത്ഭുതങ്ങളേയും ആധുനികനസ്രാണികൾ സ്മരിക്കുന്നുണ്ടെങ്കിൽ, പുരാതനനസ്രാണികൾ ശ്ലീഹാ കേരളത്തിൽ കാലുകുത്തിയദിവസത്തേയും സാഘോഷംസ്മരിച്ചിരുന്നു. തോമ്മാശ്ലീഹായുടെ ഓമ്മയോ അദ്ദേഹം പ്രസംഗിച്ചവിശ്വാസമോ കേരളത്തിൽ ഒരുനാളും ഇല്ലാതായിപോയിട്ടില്ലാ എന്നു ഭാഗ്യസ്മരണാർഹനായ 13-ാം ലെഒൻ മാപ്പ്പാപ്പായുടെ വാക്യങ്ങളിൽ 11-ാം പീയൂസു് മാപ്പ്പാപ്പാതിരുമനസ്സുകൊണ്ടു് അരുൾചെയ്തിരിക്കുന്നു.

സുറിയാനിസഭകളെല്ലാം കൽദേകം മൂന്നാംതീയതി തോമ്മാശ്ലീഹായുടെ മരണത്തിരുനാൾ ആഘോഷിക്കുന്നു. ഈ തിരുനാൾ സുറിയാനിക്കാർ എല്ലാവർക്കും പൊതുവായതും ജാതീയതിരുനാളായി അവരെല്ലാവരാലും കൊണ്ടാടപ്പെടുന്നതുംആകുന്നു. അന്തിയോക്കിയാസുറിയാനി മാറോനായാ സുറിയാനിഎന്ന കത്തോലിക്കാറീത്തുകളിൽചേർന്ന വിശ്വാസികൾക്കു് ഒക്ടോബർ ആറാംതീയതിയും തോമ്മാദിനംതന്നേയത്രെ. കൽദേകത്തിലേയും ഒക്ടോബറിലേയും തിരുനാൾകൾക്കു പുറമേ സെപ്റ്റംബർ 10-ാംനു-യാക്കോബായാസുറിയാനിക്കാർ ശ്ലീഹായുടെ അസ്ഥിമാറ്റത്തിരുനാൾ ആഘോഷിക്കുന്നു. എന്നാൽ ഇതരസുറിയാനിക്കാരേ അപേക്ഷിച്ചു് മാത്തോമ്മാ ക്രിസ്ത്യാനികളാണല്ലൊ തോമ്മാശ്ലീഹായോടുള്ള ഭക്തിബഹുമാനങ്ങളിൽ മുന്നിട്ടുനിൽക്കേണ്ടതു്. മാർതോമ്മാശ്ലീഹായുടെ ഓമ്മ നിലനിറുത്തുവാനായി മാത്തോമ്മാക്രിസ്ത്യാനികൾ പുരാതനകാലംമുതൽ പല തിരുനാളു

കും ആഘോഷിച്ചുവരുന്നുണ്ട്. പുതുഞായറാഴ്ചത്തെ തിരുനാളും മലയാറ്റൂർ തീർത്ഥയാത്രയും എത്ര പഴക്കമുള്ളവയാണെന്നു ക്ലിപ്തമായി പറയുക സാദ്ധ്യമല്ല. കക്കടകം മൂന്നാംതീയതിയിലെ തിരുനാൾ ഒന്നാംശതാബ്ദംമുതൽനടപ്പിലിരിക്കുന്ന 'ശ്ലീഹാചാത്ത'മാണെന്നു് നമ്മുടെ പാരമ്പര്യവും പാശ്ചാത്യപൌരസ്ത്യരേഖകളും വിളിച്ചുറിയിക്കുന്നു. ഡിസംബർ ക്രമ-ാം നൂ- ശ്ലീഹായുടെ കൽക്കുരിശ്രുവിയത്ത തിരുനാൾ മലങ്കരസഭ ഇന്നും കൊണ്ടാടിവരുന്നുണ്ടു്. ക്രസ്തു-ാം ശതാബ്ദത്തിൽനടന്ന ഒരു അത്ഭുതസംഭവത്തിന്റെറസ്മരണയാണല്ലൊ ഈതിരുനാൾ. മൈലാപ്പൂരുള്ള ശ്ലീഹായുടെ കൽക്കുരിശ്രു ചോരചിന്തിയതിന്റെറ ഓർമ്മയാണിതു്. ഒരു കക്കടകം മൂന്നാം തീയതി വേദസാക്ഷിയായി ശ്ലീഹാ മരണം പ്രാപിച്ചതു്, പ്രസ്തുത കുരിശ്രുകൊത്തിയിരിക്കുന്ന കല്ലിന്മേൽ ചാരികിടന്നുകൊണ്ടാണെന്നു് ഒരു ഐതീഹ്യമുണ്ടു്. ഉദയമ്പേരൂർ സൂനഹദോസിന്റെറ കാലത്തു് മലങ്കരസഭയ്ക്കു് ഈ തിരുനാൾ ആഘോഷിക്കപ്പെട്ടിരുന്നതായി സൂനഹദോസുനടപടികളിൽ കാണുന്നുണ്ടു്. ഡിസംബർ ക്രമ-ാം നൂ- ലത്തീൻസഭയിൽ നടക്കുന്ന തിരുനാളേപ്പറ്റി പറങ്കികളുടെ ആഗമനശേഷം മാത്രമേ മലങ്കരസഭ അറിഞ്ഞുതുടങ്ങിയുള്ളു. ഈ തിരുനാൾ പറങ്കികൾ മൈലാപ്പൂരിൽ ആഡംബരപൂർവം നടത്തുകയും അതിൽ സംബന്ധിച്ചിരുന്നവർക്കു് പ്രത്യേകദണ്ഡവിമോചനങ്ങൾ പ്രാപിച്ചുകൊടുക്കുകയും ചെയ്തിരുന്നതായി വി. ശൌരിയാർ രേഖപ്പെടുത്തിയിരിക്കുന്നു. ഈ തിരുനാളിനു വളരെ ദിവസം മുമ്പു് നസ്രാണികൾ മൈലാപ്പൂരിൽ എത്തിയിരുന്നതായി ഫ്റാൻസിസ്പീഞ്ഞാ (Fancis pina) എന്ന ഈശോസഭാവൈദികൻ ക്രിസ്തു- ഡിസംബർ ക്രമ-ാം നൂ- മൈലാപ്പൂരിൽനിന്നു റോമ്മായിക്കയച്ച ഒരെഴുത്തിൽ കാണുന്നു. (Goa, 11, 170 Original) ഉദയമ്പേരൂർ സൂനഹദോസിന്റെറ ഫലമായി ഡിസംബർ ക്രമ-ാം തീയതിയിലും ഒരു തിരുനാൾ മലങ്കരസഭയിൽ നടപ്പായി. കൽദായ രീത്തിൽ ചേന്ന മലങ്കരസുറിയാനിക്കാർ ഇപ്പോൾ ആചരിച്ചുവരുന്ന തിരുനാളുകളാണെല്ലാ ഇതേ വരെ പ്രസ്താവിച്ചവ. എന്നാൽ കേരളീയ സുറിയാനിക്കർ എല്ലാവരും

ഏക സഭാംഗങ്ങളായിരുന്നകാലത്തു് അവർ എല്ലാവരും ആഘോഷിച്ചിരുന്ന ഒന്നാണു് നവമ്പർ ൨൧-ാംതീയതിലെ ഒരു പുരാതന തിരുനാൾ. ഇതു സംബന്ധിച്ചുള്ള ഒരു പുരാതന രേഖ ഈയിടെ കണ്ടുകിട്ടിയതു് ഇവിടെച്ചേർക്കുന്നു.

1534. ജനുവരി 20-ാം നു- കൊച്ചിയിൽ നിന്നു് കൊറേയാ അമാൻഡർ (Correa Amander) എന്ന ഈശോ സഭാ വൈദികൻ താഴെ കാണുന്ന പ്രകാരം യൂറോപ്പിലേക്കെഴുതി.

"കഴിഞ്ഞ നവമ്പർ മാസത്തിൽ മലങ്കരെയുള്ള (Serra) ക്രിസ്ത്യാനികൾ, അതായതു്, മാർ തോമ്മാ ക്രിസ്ത്യാനികൾ പ. കന്യകയുടെ സമർപ്പണ ദിവസം (നവമ്പർ 21) ഒരു വലിയ തിരുനാളാഘോഷം നടത്തി. സൊക്കോട്രായിൽ നിന്നു വന്ന ഒരു കപ്പലിൽ നിന്നു കൊടുങ്ങല്ലൂരിനു രണ്ടു ലീഗ് അകലെ വി. തോമ്മാശ്ലീഹാ കരക്കിറങ്ങിയ ദിവസത്തേയ്മരിക്കുവാനാണു് അവർ ഈ തിരുനാളഘോഷം നടത്തുന്നതു്. (സന്താനലാഭത്തിനോ വേറെ വല്ലനന്മയ്ക്കോ ആയി) സ്വന്തം ചെലവിൽ തിരുനാൾ നടത്തികൊള്ളാമെന്നു് ധനികന്മാർ വല്ലവരും നേർച്ചചെയ്യുന്നതനുസരിച്ചു് ഇടക്കിടെ അവർ ഈ തിരുനാൾ ആഘോഷിക്കാറുണ്ടു്. ഇതിനായി ൧൭-൨൦ ലീഗ് അകലെ നിന്നു് അവർ വന്നുകൂടുന്നു. എല്ലാവർക്കും ഭക്ഷണം കൊടുക്കേണ്ടതു് അവൻ (പെരുനാൾക്കാരൻ) ആണു്. എല്ലാവരും പറവൂർ (Parour) എത്തുകയും അവിടെ നിന്നു് പള്ളിപ്പുറത്തുള്ള (Palliporte) മുൻ പറഞ്ഞ സ്ഥലത്തേക്കു് നദിയിൽകൂടി തീർത്ഥയാത്രചെയ്യുകയും ചെയ്യുന്നു. നദിവള്ളങ്ങൾകൊണ്ടു നിറഞ്ഞിരിക്കും....ഏകദേശം ൫൦൦൦ പുരുഷന്മാരും സ്ത്രീകളും കുട്ടികളും ഉണ്ടാകും. പിന്നീടു് അവർ പറവൂർക്കു തിരിക്കുന്നു. വഴിക്കു് തോമ്മാശ്ലീഹായുടെ ജീവിതവും ആ ദിവസത്തിന്റെ ചരിത്രവും അവർ മലയാളഭാഷയിൽ നല്ലരാഗത്തോടെ പാടുന്നു....പിന്നീടു് പള്ളിക്കുചുറ്റും തറയിലിരുന്നുകൊണ്ടു് പറവൂർവെച്ചു അവർ അത്താഴം കഴിക്കുന്നു. വാഴയുടേയും പനയുടേയും ഇലകളാണു് അവരുടെ തട്ടങ്ങൾ....പാതിരാത്രിവരെ അത്താഴം നീണ്ടു നില്ക്കും..."(Goa 8–429 original)

"കൊടകം മൂന്നാംതീയതിയിലെ ദുക്റാന തിരുനാൾ, ശ്ലീഹാ കപ്പലിൽ നിന്നു് ഇറങ്ങിയതിന്റെ ഓർമ്മയാണെന്നു ചിലർ പറയുന്നുണ്ടു്" എന്നു് ഉദയമ്പേരൂർ സൂനഹദോസിന്റെ നടപടികളിൽ കാണുന്നതു് നവമ്പറിലെ പ്രസ്തുത തിരുനാൾ സംബന്ധിച്ചുണ്ടായ തെറ്റിദ്ധാരണയുടെ ഫലമാണെന്നു വിചാരിക്കുവാൻ പാടുണ്ടു്. മേലുദ്ധരിച്ച രേഖയിൽ കാണുന്നപ്രകാരമുള്ള തിരുനാൾ ഇന്നും നസ്രാണികൾക്കു് ആഘോഷിച്ചു കൂടയോ? ഉണ്ടെന്നു കൊടുക്കുവാൻ അത്ര എളുപ്പമല്ലെങ്കിലും ശ്ലീഹായുടെ സ്മൃതിക്കായി തീർത്ഥയാത്രകഴിക്കുക അസാദ്ധ്യമല്ലല്ലൊ. സുറിയാനിക്കാരായ തീർത്ഥയാത്രക്കാരുടെ ചെലവിനായി, പോർത്തുഗീസുകാർ മൈലാപ്പൂരിൽ ഒരു മൂലധനം പന്ത്രണ്ടാം ശതാബ്ദത്തിൽ ശേഖരിച്ചിട്ടിരുന്നതു്, ഇന്നും അതേ ഉദ്ദേശ്യത്തോടെ വിനിയോഗിക്കുവാൻ അവർ സന്നദ്ധരായിട്ടാണിരിക്കുന്നതു്. തീർത്ഥയാത്രക്കാരുടെ കുറവുമാത്രമേയുള്ളു ഇപ്പോഴത്തെപോലെ ഗതാഗതസൌകര്യങ്ങളും ഇല്ലായിരുന്നിട്ടും മൈലാപ്പൂരിലേക്കുള്ള തീർത്ഥയാത്ര ഒഴിച്ചുകൂടാത്ത ഒന്നായി പുരാതന നസ്രാണികൾ കരുതിയിരുന്നു. ജീവിതകാലത്തിൽ ഒരു പ്രാവശ്യമെങ്കിലും ശ്ലീഹായുടെ കബറിങ്കൽ പ്രാർത്ഥിക്കണം എന്നായിരുന്നു അവരുടെ ഇടയിലെവെപ്പു്.

"ഞാൻ മരിക്കേണ്ടിവന്നാലും മുസ്ലിമുകളും സിക്കുകാരുമൊഴിച്ചുള്ള മറ്റു ന്യൂനപക്ഷക്കാർക്കു പ്രത്യേക പ്രാതിനിദ്ധ്യം കൊടുത്തുകൂടാഎന്നുവാദിക്കും" എന്നു മി. ഗാന്ധി ലണ്ടനിലെ ഇന്ത്യൻ വിദ്യാർത്ഥികളുടെ സല്ക്കാരം സ്വീകരിച്ചപ്പോൾ ചെയ്ത പ്രസംഗമധ്യേ പ്രസ്താവിച്ചിരിക്കുന്നു. സത്യനാദം.

ഗ്രാമഫോൺ ആദിയായി ആയിരത്തോളം നവീനകണ്ടുപിടിത്തങ്ങൾ നടത്തിയ മഹാ ബുദ്ധിമാനായ മി. തോമ്മസ് എ. എഡിസൻ ഈ കഴിഞ്ഞ ഒക്ടോബർമാസം 19-ാം തീയതി നിര്യാതനായിരിക്കുന്നു. ഈ മഹാൻ പറയുന്നതു, "മനുഷ്യൻ അവന്റെ തലച്ചോറിന്റെ ഒരൊറ്റ അണുപുടത്തെപോലും ഇതുവരെ ശരിയായി ഉപയോഗിച്ചിട്ടില്ലന്നത്രേ'. മ. പ

* ജപമാല.

(Rev. J. K.)

പരിശുദ്ധജപമാലയിൽ വ്യക്തംരസംബന്ധമായതും ധ്യാനപരമായതുമായ രണ്ടുതരം പ്രാർത്ഥനകളുടെ സംയോഗമുള്ളതിനാൽ അതു തിരുസ്സഭയുടെ ഭക്തികൃത്യങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നായിപരിഗണിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ദിവ്യരക്ഷകന്റെയും തന്റെ പരിശുദ്ധ ജനനിയുടെയും ഐഹികജീവിതത്തിലെ പതിനഞ്ചുരഹസ്യങ്ങൾ ആണ് ഇതിലെ ധ്യാനവിഷയങ്ങൾ. വൃത്തൻ തമ്പുരാന്റെ അവതാരോദ്ദേശ്യമായ മനുഷ്യരക്ഷയുടെ ഈ ഘട്ടങ്ങളെപ്പറ്റി അവധാനപൂർവം ചിന്തിച്ച് അതുമൂലം പ്രയോജനകരമായ അനേകം ഫലങ്ങൾ പ്രാപിക്കുന്നതിലാണ് ജപമാലയുടെ ധ്യാനപരമായ പ്രാർത്ഥന അടങ്ങിയിരിക്കുന്നത്. അതിലേ വ്യക്തംരസംബന്ധമായ പ്രാർത്ഥനകൾ നമുക്കു ചിരപരിചിതങ്ങളായ ആകാശങ്ങളിലിരിക്കുന്ന—, നന്മനിറഞ്ഞമറിയം—, ത്രീത്വസ്തുതി എന്നിവകളാകുന്നു. പരിശുദ്ധ ദൈവജനനിതന്നെ തന്റെ വാത്സല്യമകനായ വി. ദൊമ്മിനിക്കോസിനു നൽകിയതും തിരുസഭയാൽ അംഗീകരിക്കപ്പെട്ടതുമായ ജപമാല മേൽപ്രസ്താവിച്ച രണ്ടുതരം പ്രാർത്ഥനകളും യോജിച്ചുള്ള ഒരു ഭക്തികൃത്യമാകുന്നു. പ്രസ്തുത ധ്യാനവും പ്രാർത്ഥനയും രണ്ടുതരത്തിൽപോകുന്ന രണ്ടുപോലെ ജപമാലയെന്ന വസ്തുനിർമ്മാണത്തിനു് ഉപകരിക്കുന്നു.

ഭക്തിപൂർവം നമസ്കരിക്കുമ്പോൾ ധ്യാനിക്കുന്നതു് എങ്ങനെയെന്നുള്ള ഒരു ചോദ്യം ഈ അവസരത്തിൽ ഉണ്ടായേക്കാം. ധ്യാനമെന്നതു പ്രാർത്ഥനയിൽനിന്നു വ്യത്യാസപ്പെട്ട ഒന്നാണെങ്കിൽ മാത്രമേ ഈ ചോദ്യത്തിൻ വകയുള്ളൂ. വ്യത്യാസമില്ലാത്ത കാര്യമാണെങ്കിൽ ധ്യാനിച്ചുകൊണ്ടു പ്രാർത്ഥിക്കുന്നതു ഭക്തിപൂർവം ആ പ്രാർത്ഥന നടത്തുന്നതിനുതന്നെ നമ്മേ സഹായിക്കുകയത്രെ ചെയ്യുന്നതു്. മനുഷ്യാവതാരത്തിന്റെ രസഹൃദയങ്ങളെപ്പറ്റി ചിന്തിച്ചുകൊണ്ടു ഈ അവതാരത്തിനു പ്രധാനസഹായിയായ മറിയത്തെ പലപ്രാവശ്യം സ്തുതിക്കുന്നതു രസാവഹമല്ലയോ? അതിനാൽ ആകാശങ്ങളിലിരിക്കുന്ന, നന്മനിറഞ്ഞ മറിയം എന്നീ പ്രാർത്ഥനകൾ ചൊല്ലുന്നതോടുകൂടി ജപമാല രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കുന്നുവെങ്കിൽ ശബ്ദഭേദമില്ലായ്കയിൽനിന്നുൽഭവിക്കുന്ന ബുദ്ധിമാന്ദ്യവും അരുചിയും വേഗത്തിലസ്തമിക്കുന്നതും ജപമാല യഥാർത്ഥത്തിൽ മനോഹരവും ആകർഷണീയവും ആയ ഒരു പ്രാർത്ഥനയായി പരിണമിക്കുന്നതുമാണു്.

---

* ജപമാലയുടെ ഫല രഹസ്യങ്ങളെയും സംബന്ധിച്ചു റവ. ജെ. കെ. എഴുതാമെന്നു സംവദിച്ചിട്ടുള്ള ലേഖന പരമ്പരയിൽ ഇതു് ആദ്യത്തേതാണു്. മാസികയുടെ അടുത്ത ലക്കങ്ങളിൽ ലേഖനം ക്രമശഃ തുടരുന്നതായിരിക്കും.

(മ. പ.)

അടുത്തതായി നമുക്കു ജപമാലയുടെ ഓരോ ഭാഗവും എടുത്തു് അവയിൽ ഉച്ചരിക്കുന്ന പ്രാർത്ഥനയോടുകൂടി ഏതേതു രഹസ്യങ്ങളെപ്പറ്റി ധ്യാനിക്കണമെന്നു് ആലോചിക്കാം. നാം ഓരോ രഹസ്യങ്ങളുടെ സ്വരൂപം കണ്ടിരിക്കും. ഏതെങ്കിലും ഒരു രഹസ്യത്തെപ്പറ്റി ധ്യാനിക്കുന്നതിനു് ആരംഭിക്കുമ്പോൾ അതിന്റെ രൂപം നമ്മുടെ മനസ്സിൽവച്ചുകൊണ്ടു് അതു യഥാർത്ഥവും ജീവനുള്ളതുമെന്നു സങ്കൽപിക്കുകയും അതിലെ വിശുദ്ധരോടുകൂടെ നാം പ്രാർത്ഥിക്കുന്നതായി വിചാരിക്കുകയും ചെയ്യേണ്ടതാകുന്നു.

സന്തോഷമായ ഒന്നാം രഹസ്യം.

സന്തോഷമായ ഒന്നാംരഹസ്യം മംഗലവാർത്തയാകുന്നു. നസ്രത്തിലെ യുവതിയായ മറിയത്തിനെ ദൈവനിയുക്തനായ ഗബ്രിയേൽ ദൈവദൂതൻ വന്നുവന്ദിച്ചു് സ്തുതിക്കുന്നതു നാം കാണുന്നതായി വിചാരിക്കുക. പരിശുദ്ധകന്യകയുടെ എളിമ, ചാരിത്രശുദ്ധി, ദൈവതിരുമനസ്സിനുള്ള കീഴ്വഴക്കം എന്നിവയെപ്പറ്റി ധ്യാനിക്കുന്നതോടുകൂടി ദൈവമാതാവും മാലാഖാമാരുടെ രാജ്ഞിയുമായ ഈ കന്യകയുടെ സന്നിധിയിൽ നിൽക്കുന്ന ഗബ്രിയേലിന്റെ ആചാരോപചാരങ്ങളും നമ്മുടെ ധ്യാനവിഷയമായിരിക്കട്ടെ. അനന്തരം മറിയം സമ്മതിച്ചതിനേക്കുറിച്ചു ചിന്തിക്കുമ്പോൾ മനുഷ്യാവേശമെടുത്തു് അവളുടെ ഉദരത്തിൽ ജാതനായ ദൈവപുത്രനെ നമ്മുടെ മനസ്സുകൊണ്ടു് ആരാധിക്കുകയുടെ ചെയ്യാം. ഈ ദൈവികസംഭവങ്ങൾ നടക്കുന്നതു കണ്ടുകൊണ്ടു് ഒന്നാം രഹസ്യമാരംഭിക്കാം. ദൈവത്തിന്റെ സീമാതീതമായ സ്നേഹത്തെ വീക്ഷിച്ചുകൊണ്ടു നമുക്കു താഴെ പറയുന്നതുപോലെ പ്രാർത്ഥിക്കാം. "ആകാശത്തിലിരിക്കുന്ന ഞങ്ങളുടെ ബാവാ! വിശുദ്ധകന്യകയുടെ അടുക്കലേക്കു് ഒരു മാലാഖയെ അയച്ച നിന്റെ തിരുനാമം ശുദ്ധമാക്കപ്പെട്ടതാകുന്നു. മനുഷ്യരക്ഷയ്ക്കായി അങ്ങേ ഏകസുതനെ ബലികഴിച്ച നിന്റെ തിരുനാമം എല്ലാവരാലും സ്തുതിക്കപ്പെട്ടതാകട്ടെ. നിന്റെ രാജ്യം വരണം. മനുഷ്യാവതാരംചെയ്ത ദിവ്യ ഈശോയോടുകൂടി നിന്റെ രാജ്യവും ഇതാ വന്നിരിക്കുന്നു. നിന്റെ തിരുമനസ്സു് ആകാശത്തിലെപ്പോലെ ഭൂമിയിലുമാകട്ടെ. മറിയം നിന്റെ തിരുമനസ്സിനൊത്തവണ്ണം ജീവിച്ചതുപോലെ ഞങ്ങളും ജീവിക്കട്ടെ. ഞങ്ങളുടെ അന്നന്നത്തെ അപ്പം ഞങ്ങൾക്കു് ഇന്നും തരേണമേ. നിന്റെ ഏകകുമാരനെ ഞങ്ങൾക്കായി തന്ന നീ ഞങ്ങളുടെ ഏതെങ്കിലും അപേക്ഷ നിരസിക്കുമോ? ഒരിക്കലുമില്ല. ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടു പൊറുക്കുക. ദൈവപുത്രന്റെയും സ്വമാതാവിന്റെയും ഗബ്രിയേൽ ദൈവദൂതന്റെയും എളിമയ്ക്കു വളരെ വിപരീതമായ ഞങ്ങളുടെ അഹങ്കാരത്തെ നീ ക്ഷമിക്കുക. പരിശുദ്ധകന്യകയുടെ പരസ്നേഹത്തിനു് എതിരായ ഞങ്ങളുടെ സ്വാർത്ഥസ്നേഹത്തെ നീ പൊറുക്കേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ പൊറുക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും നീ പൊറുക്കേണമെ. ഞങ്ങൾ പാപത്തിൽ വീഴാവുന്ന പരീക്ഷകളിൽനിന്നു ഞങ്ങളെ നീ ഒഴിക്കേണമെ. എല്ലാവിധതിന്മകളിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ."

"വിശുദ്ധഗബ്രിയേലിന്റെ വാക്കുകൾ ഉപയോഗിച്ചു തന്നെയാണു പരിശുദ്ധമറിയത്തെ നാം സ്തുതിക്കുന്നതു്. എളിമ, കീഴ്വഴക്കം, പരിശുദ്ധത് എന്നീ നന്മകൾ നിറഞ്ഞ മറിയമേ! നിനക്കു സ്വസ്തി. ദൈവവരപ്രസാദം നിറഞ്ഞവളായിരുന്നതിനാൽ മംഗലവാർത്തയ്ക്കുമുൻപും കർത്താവു നിന്നോടുകൂടി ഉണ്ടായിരുന്നു. മംഗലവാർത്തയ്ക്കുശേഷം മാംസത്തോടുകൂടി നിന്റെ ഉദരത്തിലും കർത്താവു സ്ഥിതിചെയ്തു. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവൾ നീയേ! മാലാഖമാരും മനുഷ്യരും മറ്റെല്ലാസൃഷ്ടികളും നിന്നെ അനുഗ്രഹിത എന്നു വിളിക്കണമെങ്കിൽ നീ എത്രയോ വാഴ്ത്തപ്പെട്ടവൾ ആയിരിക്കണം. നിന്നിൽനിന്നും മാംസം സ്വീകരിച്ച നിന്റെ വയറ്റിൻഫലം വാഴ്ത്തപ്പെട്ടതാകട്ടെ. വിശുദ്ധമറിയമേ! ദൈവത്തിന്റെ മാതാവേ! നീ ദൈവജനനിയായി പ്രഖ്യാപനം ചെയ്യപ്പെട്ട ആദ്യനിമിഷം മുതൽ നിഗളം, സ്വാർത്ഥത, ശുദ്ധതയില്ലായ്മ തുടങ്ങിയ പാപങ്ങൾക്ക് അടിമനായ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും അവയ്ക്ക് അടിമപ്പെടാതിരിക്കത്തക്കവിധം ഞങ്ങളെ സംരക്ഷിക്കുകയും ചെയ്യു. ഇപ്പോഴും എപ്പോഴും പ്രത്യേകമായി ഞങ്ങളുടെ മരണസമയത്തും അപ്രകാരംആയിരിക്കട്ടെ.

പിതാവിനും പുത്രനും പരിശുദ്ധാത്മാവിക്കും സ്തുതി ഉണ്ടാകട്ടെ. എന്തുകൊണ്ടെന്നാൽ ഈ പരിശുദ്ധത്രിത്വത്തിന്റെ അനിർവചനീയമായ സ്നേഹത്താൽ അത്രേ ഈ ദിവ്യരഹസ്യം നിർവഹിക്കപ്പെട്ടതു്. പൂർവകാലത്തും ഇപ്പോഴും എപ്പോഴും അനാദിസദാകാലവും ഉള്ളതുപോലെ ആമ്മേൻ.

ഇപ്രകാരം ധ്യാനിച്ചു് ഈ പ്രാർത്ഥനകൾ ചൊല്ലുന്നതു പ്രയാസമില്ലാത്തതാകുന്നു എന്നുള്ളതു സ്പഷ്ടമല്ലയോ? മേൽപ്രസ്താവിച്ചതു് അൽപം ദീർഘമായിപ്പോയി എന്നു തോന്നുന്നുവെങ്കിലും ധ്യാനാവസരത്തിൽ അതു ദീർഘമായിപ്പോയി എന്നു തോന്നുകയില്ല. എത്രതന്നെ ധ്യാനിച്ചാലും ആന്തരികാർത്ഥം കണ്ടുപിടിക്കുവാൻ പ്രയാസമായ ഈ രഹസ്യങ്ങളെപ്പറ്റി അവരവരുടെ ആത്മീയശക്തിക്കു യോജിച്ചവിധം ചിന്തിക്കുന്നതു വളരെ പ്രയോജനകരമായിരിക്കും ഈവിധത്തിലുള്ള ധ്യാനംമൂലം അനേകം ആത്മീയഫലങ്ങൾ സമ്പാദിച്ചു നമ്മുടെ ജീവിതം സാക്ഷാൽ ക്രിസ്തീയമായ ഒന്നായി നയിക്കുന്നതിനും നമ്മുടെ വിശുദ്ധവേദത്തിലെ വിസ്മയനീയരഹസ്യങ്ങളുടെ മാധുര്യം ആസ്വദിക്കുന്നതിനും ഇടയാകുന്നതാണു്.

പരസ്യം.

അഞ്ചടി ഉയരത്തിൽ മരംകൊണ്ടു് ഇററാലിയായിൽ ഉണ്ടാക്കപ്പെട്ട ക്രിസ്തുവിന്റെ രാജത്വത്തിന്റെ ഒരു രൂപം വിൽക്കാനുണ്ടു്. വില രൂ. ഫഠം.

ആവശ്യക്കാർ താഴെക്കാണുന്ന മേൽവിലാസത്തിൽ അപേക്ഷിക്കുക.

മാനേജർ

"മദ്ധ്യസ്ഥൻ" ആഫിസു്

ചങ്ങനാശേരി.

കത്തോലിക്കാമതപഠനം.

(തുടർച്ച)

(ജയിംസ് ജി. കണ്ടത്തിൽ.)

മതപഠനം വളരെ ശ്രദ്ധിക്കപ്പെടുന്നതും ഗഹനവുമായിട്ടുള്ള ഒന്നാകുന്നു. ഇതു സുഗ്രാഹ്യമല്ലാത്തവിഷയം മറെറാന്നില്ല. എന്നാൽ മറവിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള പാഠോപകരണങ്ങൾപോലെ, ഉപകരണങ്ങൾ യാതൊന്നും വേദപാഠത്തിനു അധികൃതന്മാർ സജ്ജീകരിക്കുന്നതായി കാണുന്നില്ല. വല്ലതും ഉണ്ടെങ്കിൽ അതൊരു വേദോപദേശപുസ്തകം മാത്രമായിരിക്കും. ഇതിൽനിന്നും ഓരോപാഠങ്ങൾ കുട്ടികൾക്കു പഠിക്കുന്നതിനായി അദ്ധ്യാപകൻ നിർദ്ദേശിക്കുകയുംക്രമീകരിച്ചാൽ അതു ഭാഗത്തെപ്പററി കുറേ പ്രസംഗിക്കുകയും അടുത്തദിവസം കുട്ടികൾ പഠിച്ചിട്ടുണ്ടോയെന്നു പരിശോധിക്കുകയുമത്രെ ഇപ്പോൾചെയ്തുവരുന്നതു്. ഈ രീതിഒട്ടുംതന്നെ ആശാസ്യമല്ലെന്നും ഇതു് ഭേദപ്പെട്ടതാത്തകാലത്തോളം മതാഭ്യസനവിഷയത്തിൽ നമ്മുടെ യുവാക്കന്മാർക്കു യഥാർത്ഥമായ അഭിരുചി ഉളവാകാൻ തരമില്ലെന്നുമാണു് എനിക്കു പറവാനുള്ളതു്. പുസ്തകത്തിൽനിന്നുമാത്രം പഠിച്ചാൽ മതിയെങ്കിൽ അതു വിധത്തിൽ പഠിപ്പിക്കാമെങ്കിൽ—അദ്ധ്യാപകന്റെ അവശ്യമെന്തു്?. അദ്ധ്യാപകനു പകരം പരീക്ഷകനായിരിക്കുന്നതുമം. വിദ്യാർത്ഥികളുടെ പ്രായവും മുന്നറിവും ഏതു തരത്തിലാണോ അതിനനുയോജ്യമായരീതിവേണം പ്രയോഗിക്കുവാൻ. എന്നാൽ മാത്രമെ കായ്ക്ഷമമായ രീതിയിൽ ബോധനം നൽകുവാൻ സാധിക്കയുള്ളു. മതബോധനത്തിനു ഏറവും അവശ്യമായ ഒരുപകരണമാകുന്നു ചിത്രങ്ങൾ. ആദ്യകാലങ്ങളിൽ ചിത്രങ്ങൾ വഴിയായിവേണം മതബോധനം നൽകേണ്ടതു്. അനന്തരകാലങ്ങളിലും ചിത്രങ്ങൾ, ഭൂപടങ്ങൾ, ഇവ ഉപയോഗിക്കാവുന്ന പലഘട്ടങ്ങളും ഉണ്ടാകും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ അവ ഉപയോഗിക്കുതന്നെവേണം. എന്നാൽ ഈ വിധത്തിലുള്ള വേദപാഠോപകരണങ്ങൾ ഉള്ള വിദ്യാലയങ്ങൾ ഒന്നെങ്കിലും നമുക്കുണ്ടോയെന്നുള്ളതു് സന്നിഗ്ദ്ധമാണ്. ശരിയായ പാഠോപകരണങ്ങളില്ലാതെ-അവയെസജ്ജീകരിക്കാതെ-അദ്ധ്യാപകന്മാരെ വഴിച്ചുതുകൊണ്ടും ഫലമില്ലല്ലോ.

മതബോധനവിഷയത്തിലുള്ള പരാജയത്തിനുള്ള മറെറാരുകാരണം ശരിയായ ഒരു പാഠപദ്ധതിയുടെ അഭാവമാകുന്നു. തദ്വിഷയക

മായി അടുത്ത കാലത്തുഎ. പെ. പെ. ബ. മെത്രാനച്ചൻ തിരുമനസ്സി ലെ കാരുണ്യാതിരേകത്തിന്റെ ഫലമായി നമുക്കുകിട്ടിയിട്ടുള്ളതിനെ ഞാൻ കൃതജ്ഞതാപൂർവംസ് മരിക്കുന്നു.

മതപഠനംകൊണ്ടുള്ളിഷ്ടഫലം സംസിദ്ധമാകാത്തതിന്റെ വേ റൊരുഹേതു കത്തോലിക്കേതരന്മാരെക്കൊണ്ടു് മതബോധനംനടത്തുന്ന താണ്. * ഒരുവനുവിശ്വാസമില്ലാത്ത ഒരു കാര്യം മറ്റൊരുവനെ പ ഠിപ്പിക്കയെന്നുള്ളതു് അത്ര എളുപ്പമല്ല. അഥവാ, അതിനുദ്യമിച്ചാ ൽതന്നെ എത്രകണ്ടുഫലപ്രദമായിരിക്കുമെന്നുള്ളതു് ഊഹ്യമല്ലേ? ബ. വൈദികർക്കു് എപ്പോഴും ഈ ക്ലാസ്സുകളെ പരിശോധിക്കുന്നതിനോ ബോധന രീതി സൂക്ഷിക്കുന്നതിനോ സാധിച്ചുവെന്നുവരുന്നതല്ല. ത ന്നിമിത്തം കത്തോലിക്കാ മതപഠനത്തിനുപകരം മറ്റുവല്ലതുമോ അ ഥവാ മായംചേർത്ത കത്തോലിക്കാതത്വങ്ങളോ പഠിപ്പിച്ചുഎന്നുംവരാം. ഈവകവിഷമങ്ങളെ തരണംചെയ്യുന്നതിനു ബ. വൈദികരെക്കൊണ്ടു ഈവക കൃത്യങ്ങൾ നിർവഹിപ്പിക്കാമെന്നുവച്ചാൽ ആയതുംഅത്ര എ ളുപ്പമല്ലല്ലോ. തന്നിമിത്തംനമ്മുടെ വിദ്യാലയങ്ങളിൽ കത്തോലിക്ക രെത്തന്നെ അദ്ധ്യാപകന്മാരായിനിയമിച്ചു്-ഇപ്പോഴുള്ള കത്തോലിക്കേ തരന്മാരെ ഉടൻ പിരിച്ചുവിടണമെന്നാണ് എന്റെഅഭിപ്രായമെന്നു് ആരും ഭയവായിതെറ്റിദ്ധരിക്കരുതു്—അവരെക്കൊണ്ടുതന്നെമതബോ ധനംനടത്തിക്കുന്നതു് പ്രായോഗികവും പ്രയോജനകരവുമായിരിക്കും.

കത്തോലിക്കരായ അദ്ധ്യാപകന്മാർതന്നെ ഈ ജോലിയുംനട ത്തിയാൽ മതപരമായ ജ്ഞാനസമ്പാദനത്തിനു ആയതവക്കൊരു പ്രേ രകവുമായിരിക്കും. ഒരു വിഷയംപഠിപ്പിക്കുന്നതിനു അദ്ധ്യാപകനുചി ല ഒരുക്കങ്ങൾ ക്രമേയേതിരു അങ്ങിനെയുള്ള ഒരുക്കത്തിനു വിഷയ ത്തിന്റെ സ്വഭാവമനുസരിച്ചു പല ഗ്രന്ഥങ്ങളും പാരായണംചെയ്യേ ണ്ടതായുംവരും. താദൃശമായ ഗ്രന്ഥപാരായണം അദ്ധ്യാപകന്റെ ജ്ഞാനകോശത്തെ വിപുലമാക്കുന്നു. ഇതുപോലെ മതബോധനത്തി നായി ഒരുങ്ങുന്ന അദ്ധ്യാപകൻ മതസംബന്ധമായ ഗ്രന്ഥങ്ങളുംകുറെ യെല്ലാമെങ്കിലും പാരായണംചെയ്യുവാൻ നിർബന്ധിതനായിത്തീരുന്ന തും തദ്വാരാ, മതപരമായ അയാളുടെജ്ഞാനം വർദ്ധിക്കുന്നതിനുമിടയാ കുന്നതാണ്. ഇങ്ങനെ മതപരമായവിജ്ഞാനത്തിൽ അദ്ധ്യാപകൻ

---

* ഇങ്ങനെ ഏതെങ്കിലും കത്തോലിക്ക സ്കൂളിൽ നടക്കുന്നുണ്ടോ.?
മ. വ.

ഉൽക്കർഷത്തെപ്രാപിക്കുന്നതോടുകൂടി മതത്തോടുകൂടുതലായുള്ള ഒരു ബഹുമാനവും ഉളവാകുന്നതുകൂടാതെ പ്രസ്തുതഅറിവ് ഉത്തമമായ കത്തോലിക്കാജീവിതം നയിക്കുന്നതിനു് അയൽക്കു പ്രേരകമായുംഭവിക്കുന്നു. അദ്ധ്യാപകൻ സ്വമത പ്രതിപത്തിയുള്ളവനായി തീരുന്നതോടുകൂടിത്തന്നെ തന്റെ വിദ്യാർത്ഥികളും മതാഭിമാനികളായിത്തീരാനിടയുണ്ടു്.

കത്തോലിക്കാ അദ്ധ്യാപകന്മാർക്കു് മതവിഷയത്തിലുള്ളജ്ഞാനം മതിയാകുന്നില്ലെന്നു ഒരാക്ഷേപംഉണ്ടു്. അതിൽകൂടെ പരമാർത്ഥംഇല്ലാതില്ല. അയതു അനായാസേന പരിഹരിക്കപ്പെടാവുന്നതുമാണു്. അവധിക്കാലങ്ങളിൽ പ്രത്യേകപരിശീലനങ്ങൾ, പ്രസംഗങ്ങൾ, ഇവമൂലം ഏതദ്വിഷയത്തിൽ അവരെ പ്രാപ്തന്മാരാക്കിത്തീർക്കാവുന്നതാണു്. ഇവക്കുശേഷം പൊതുവായ ഒരു പരീക്ഷനടത്തി വിജയികളെ ക്രൈസ്തവ പ്രോത്സാഹിപ്പിക്കുന്നതും നന്നായിരിക്കും.

നമ്മുടെ ദൃഷ്ടികളെ നാനാദിഗന്തങ്ങളിലേക്കും തിരിക്കുന്നപക്ഷം ലോകത്തിൽപല വല്ലിയമാറ്റങ്ങളും സംഭവിച്ചുകൊണ്ടിരിക്കുന്നതായി കാണാം. പലരാജ്യങ്ങളിലും കത്തോലിക്കുസഭയ്ക്കെതിരായി പലേക്രൂരകൃത്യങ്ങളും തജ്ജന്യമായ പീഡനങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇവയോടുഎതിർക്കുന്നതിനും സഭക്കുവേണ്ടിയുദ്ധംചെയ്യുന്നതിനും, വേണ്ടിവന്നാൽ മരണം സ്വയംവരിക്കുന്നതിനുപോലും, നാംനമ്മുടെ യുവജനങ്ങളെ തയാറാക്കേണ്ടിയിരിക്കുന്നു. നമ്മുടെയുവാക്കന്മാർ ക്രിസ്തുവിന്റെ യഥാർത്ഥഭടന്മാരായി അടർക്കളത്തിൽഇറങ്ങി വിജയോദയത്തോടും സമരംനടത്തത്തക്ക പ്രാപ്തിയും ധൈര്യവും അവരിൽ ഉത്തമമാകുന്നതിനു മതപഠനം അത്യന്താപേക്ഷിതമാകുന്നു. ഏതദ് ഉദ്ദേശസാദ്ധ്യർത്ഥം പ്രയത്നിക്കേണ്ടതു് ഏവരുടെയും കർത്തവ്യകർമ്മമാകുന്നു. അതിനായി വ്യയംചെയ്യുന്ന സമയവും ധനവും ഒരിക്കലും നഷ്ടമായിത്തീരുകയില്ല.

വിപത്തിൽ

വി. യൗസേപ്പിന്റെസഹായം

(നാലാം ലക്കം ഫ്രാന്സാം പക്ഷം തുടർച്ച.)

പ്പിച്ചിരുന്ന പ്രാർത്ഥനകളും ഭക്തജീവിതമുറകളും ക്രമേണ എന്നിൽനിന്നും വിട്ടുമാറിത്തുടങ്ങിയായി. തന്മൂലം ഞാൻ കടിഞ്ഞാൺ ഇല്ലാത്ത കുതിരയെപ്പോലെ തോന്ന്യാസം നട

ക്കുവാൻ തുടങ്ങി. ദുർവൃത്തന്മാർ എന്റെ കൂട്ടുകാർ ആയിത്തീർന്നു. ഞാൻ അവരോടൊന്നിച്ചു ചീട്ടുകളി, പുകവലി, മദ്യപാനം മുതലായവ പരിചയിച്ചു. എന്തധികം എന്റെ മാതാവു ചെറുപ്പത്തിൽ എന്റെ ഹൃത്തടത്തിൽ വിതച്ച സന്മാർഗ്ഗബീജങ്ങളും പുഷ്പപുഷ്കലമായി തീരേണ്ടതിനു പകരം അവ കാലക്രമത്തിൽ എന്നിൽ ശുഷ്കപ്രായമായിത്തീർന്നു. എന്റെ സ്നേഹിതന്മാരുടെ പ്രേരണയാൽ ഞാൻ പിതൃധനവും വാങ്ങി പിതാവിൽനിന്നു വേർപിരിഞ്ഞു താമസിച്ചു.

അധികാലവിളംബമെന്യേ എന്റെ ലൗകികഭാഗൃത്തെ കൂട്ടത്തിൽ പൂർണ്ണമാക്കുന്നതിനു ജൊസഫീന എന്ന ഒരു യുവതിയെ വിവാഹം ചെയ്തു. ഇവൾ ഗുണവതിയും സുന്ദരിയുമാണു്. ഈ സ്ത്രീരത്നത്തിന്റെ സാമർത്ഥ്യത്താലായിരുന്നു പിതാവു നൽകിയിരുന്ന സമ്പത്തു് എന്റെ സ്നേഹിതന്മാർമൂലം നശിപ്പിക്കാതിരുന്നതു്.

വൈദി—നിങ്ങൾക്കു് അക്കാലത്തു് ഇപ്രകാരം സുശീലയായ ഒരു ഭാര്യയെ ലഭിച്ചതു് ഒരു മഹാഭാഗ്യംതന്നെ.

യാത്രക്കാരൻ—അതെ. ഒരു ഉത്തമസ്ത്രീരത്നത്തെ ലഭിച്ചതു എന്റെ മഹാഭാഗ്യംതന്നെ. ഇതിന്റെ കാരണം എന്റെ മാതാവു സ്വർഗ്ഗത്തിൽ ഇരുന്നു് എനിക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നതു് ആയിരിക്കണം.

വൈദി—കഥ തുടരാം.

യാത്രക്കാരൻ— എന്റെ ഭാര്യയുടെ ഉപദേശമനുസരിച്ചു ഞാൻ കച്ചവടത്തിൽ ഏർപ്പെട്ടു. പരദേശങ്ങളിൽപോയി സാമാനംകൊണ്ടുവന്നു വിൽക്കുവാൻ തുടങ്ങി. എന്റെ വാണിജ്യം ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു. എന്നാൽ എന്റെ ആത്മികാഭിവൃദ്ധി ക്രമശഃ അധോഗതി പ്രാപിക്കയാണുണ്ടായതു്. മതകാര്യങ്ങളിൽ ഞാൻ പ്രദർശിപ്പിച്ച അനാസ്ഥ എന്റെ ഭാര്യയെ അസ്വസ്ഥചിത്തയാക്കി. പാപസങ്കീർത്തനം ചെയ്യുന്നതിനു് എന്നോടു് അവൾ ആവശ്യപ്പെട്ടാൽ ഞാൻ ചില മുടന്തൻ ന്യായങ്ങൾ പറഞ്ഞു് അവളെ

തോല്പിച്ചിരുന്നു. ഭക്തികൃത്യങ്ങളിൽ ഉള്ള എന്റെ ഉദാസീനതയും അവജ്ഞയും നിമിത്തം വീട്ടിൽ കഴിച്ചിരുന്ന പ്രാർത്ഥനയിൽപോലും ഭാഗഭാക്കാകാതെ ആ സമയത്തു ഞാൻ വല്ലവർത്തമാനപ്പത്രങ്ങളും വായിച്ചുകൊണ്ടിരുന്നു. അവൾ വി. യൗസേപ്പു പിതാവിന്റെ രൂപത്തിൻ മുമ്പാകെ പ്രാർത്ഥിക്കുന്ന അവസരത്തിൽ 'കപടഭക്തേ' എന്നു വിളിച്ചു് അവളെ അധിക്ഷേപിക്കുകൂടി ചെയ്തിട്ടുണ്ടു്. ഈ വിശുദ്ധന്റെ മാസവണക്കപ്പുസ്തകത്തിലെ ചില "പുതുമക" ളും വായിക്കുമ്പോൾ അവയുടെ അസംഭവ്യതയെപ്പറ്റി ഞാൻ പ്രസംഗിച്ചു് അവളുടെ വിശ്വാസദാർഢ്യത്തെ ദുർബലപ്പെടുത്തുന്നതിനു ഞാൻ ശ്രമിച്ചിരുന്നു. എന്നാൽ അവൾ എന്റെ കണിയിൽ അകപ്പെട്ടില്ല. എന്റെ ഈ വിപ്രതിപത്തി ഭാര്യയെ ഉപരി ആകുലചിത്തയാക്കുകയാണുചെയ്തതു്. തന്മൂലം അവൾ സ്ഥലം ബ. വികാരിഅച്ചനോടു എന്റെ ഭക്തിമാന്ദ്യത്തെപ്പറ്റി പറഞ്ഞു. അദ്ദേഹം എന്നെ ഒരിക്കൽ വിളിച്ചു ഗുണദോഷിച്ചു. അതിൽപിന്നീടു് അച്ചനെ കാണുന്ന അവസരത്തിൽ ഒളിക്കുന്നതിനു ഞാൻശ്രമിച്ചുപോന്നു. ഇങ്ങനെ പലനാളുകൾ കഴിഞ്ഞുകൂടി.

ഒരിക്കൽ എന്റെ ഭാര്യയുടെ മദ്ധ്യസ്ഥനായ വി. യൌസേപ്പിന്റെ തിരുനാൾദിവസം, അവളെ സന്തുഷ്ടിപ്പെടുത്തുന്നതിനു് ചിലസമ്മാനങ്ങൾ ഞാൻ അവൾക്കു നൽകി. ഈ അവസരത്തിൽ അവളുടെ ഓമനമുഖം വാടിക്കരിഞ്ഞ താമരപ്പൂപോലെ മ്ലാനമായും, രാഹുഗ്രസ്തമായ ചന്ദ്രനെപ്പോലെ, എന്തോ മനോവ്യഥ അവളെ ആവരണം ചെയ്തിരിക്കുന്നതായുംകണ്ടു. ഞാൻ അവളിൽകണ്ട ഈ അസാധാരണമായവൈവർണ്യത്തിന്റെ കാരണമെന്തെന്നു് ചോദിച്ചതിൽ അവൾ ഇപ്രകാരം ഗദ്ഗദസ്വരത്തിൽപറഞ്ഞു. "അവിടുന്നു എന്നെ സ്നേഹിക്കുന്നുവെങ്കിൽ, അതെ, എന്നെ സന്തോഷിപ്പിക്കുന്നതിനാഗ്രഹിക്കുന്നുവെങ്കിൽ, അവിടുന്നു് ഒരു കാര്യം എന്റെപേക്ഷചെയ്യണം."

അതു് എന്തെന്നു് ഞാൻ ആകാംക്ഷയോടുകൂടി ചോദിച്ചു. ഇതിനു അവൾ ഇപ്രകാരം പ്രത്യുത്തരിച്ചു. "ഇതു് അവിടുത്തെ

ആത്മീയകാര്യം സംബന്ധിച്ചാണു്. "രണ്ടുവശത്തേയും എത്ര നാൾ നിങ്ങൾ ആടരിക്കും. എന്റെ ദൈവമാണു് സത്യദൈവമെന്നു് നിങ്ങൾ വിചാരിക്കുന്നെങ്കിൽ അദ്ദേഹത്തെ സ്വീകരിക്കണം. അല്ല 'ബാൽ' എന്ന ദേവനാണെങ്കിൽ അവനെ നിങ്ങൾ സ്വീകരിച്ചാലും എന്നു് ഏലിയാസു് ദീർഘദൃശി അവിശ്വാസികളായ തന്റെ ജനത്തോടു് പറഞ്ഞവാക്കുകൾ ഇപ്പോൾ ഞാൻ ഓർക്കുന്നു. അവിടുന്നു കത്തോലിക്കമതം സ്വീകരിച്ചു. അതുസത്യമെന്നു് വിശ്വസിക്കുന്നെങ്കിൽ അതിന്റെ ശാസനങ്ങളെ യഥാവിധി അനുസരിക്കേണ്ടയൊ.? ഇന്നുച്ചക്കുർബാനയ്ക്കു് എന്റെകൂടെ അങ്ങുപള്ളിയിൽ വരുന്നതായിരിക്കും എനിക്കു് സമ്മാനത്തേക്കാൾ കൂടുതൽ സന്തോഷകരം.

ഭാര്യയെ സന്തുഷ്ടിപ്പെടുത്തുന്നതിനു് അപ്രകാരം ചെയ്യാമെന്നു് ഞാൻ വാക്കുകൊടുത്തു. വൃമണിയോടുകൂടി ഞങ്ങൾരണ്ടുപേരും പള്ളിയിൽപ്പോയി. അവർ ദേവാലയത്തിൽ പ്രവേശിച്ചു എന്നുകണ്ടപ്പോൾ ഞാൻ ദേവാലത്തിന്റെ ബഹിർഭാഗത്തു് ഒരു കോണിൽ സ്ഥലംപിടിച്ചു. കുർബാനയുടെ സമയം മുഴുവനും നഖം മിനുക്കിയും സമീപത്തുള്ള പുൽക്കൊടിപറിച്ചുംകഴിച്ചുകൂട്ടി. അനന്തരം പള്ളിയിൽ നടന്നതു് വി. യൌസേഫ് പിതാവിന്റെ മാഹാത്മ്യത്തെയും വിശ്വാസത്തോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെ ഫലസമൃദ്ധിയേയുംപറ്റി യുക്തിയുക്തമായും സംക്ഷിപ്തമായും ഉള്ള ഒരു പ്രസംഗമായിരുന്നു.

ഈ പ്രസംഗം കേട്ടതുമുതൽ വി. യൌസേപ്പിനോടു് എനിക്കു് ഒരു പ്രത്യേകബഹുമാനം, തോന്നിത്തുടങ്ങി. പള്ളിയിലെ കർമ്മങ്ങൾ അവസാനിച്ചു. ഞങ്ങൾ ഭവനത്തിലേക്കു് മടങ്ങി. വഴിമദ്ധ്യേ ഭാര്യ എന്നോടു് ഇപ്രകാരം പറഞ്ഞു. "വി. യൌസേപ്പേ! എനിക്കുവേണ്ടി ഈശോയോടു് പ്രാർത്ഥിക്കണമെ" എന്നുള്ള സുകൃതജപം അവിടുത്തെ അധരങ്ങളിൽസദാ ഉണ്ടായിരിക്കുന്നതിനു് ഞാൻ അപേക്ഷിക്കുന്നു. അവിടുന്നു് ചിലപ്പോഴും ആപത്ക്കരമായ യാത്ര ചെയ്യാറുള്ളതിനാൽ ഈ വിശ്വാസത്തിന്റെ സഹായം അങ്ങേയ്ക്കു് അത്യാവശ്യമാണു്" ഇതു് എത്ര അനുപലപനീയമായ ഒരു വാസ്തവമായിരുന്നെന്നു് അനന്തരസംഭവം സാക്ഷീകരിച്ചു.

കുറെ കാലത്തിനുശേഷം ഒരു തീവണ്ടിയിൽ ഞാൻ അതിശീഘ്രം യാത്രചെയ്തുയായിരുന്നു. എന്റെ കൂടെ എഴുപതിയാത്രക്കാർകൂടി ഉണ്ടായിരുന്നു. ഞങ്ങളും ഫലിതോക്തികളാൽ സന്തോഷമത്തരായി സൊല്ലാസം യാത്രതുടർന്നു. പൊടുന്നനവെ ഒരു ഭയങ്കരശബ്ദംകേട്ടു. ഞാൻ; വി. യൌസേപ്പേ! വി. യൌസേപ്പേ! എന്നു് പൊട്ടിനിലവിളിച്ചുകൊണ്ടു് ചാടി എഴുനേറ്റു. മുങ്ങിപ്പറയാം. അതു് വലുതായ ഒരു തീവണ്ടി അപകടമായിരുന്നു. എനിക്കു് അല്പമായ പരുക്കുപറ്റി. എന്നാൽ കഷ്ടം! എന്റെ കൂട്ടയാത്രക്കാരുടെ ശരീരം കരിങ്കല്ലിന്മേൽ ചിന്നഭിന്നമായി കിടക്കുന്നതാണു് എന്റെ ദൃഷ്ടിപഥത്തിൽപെട്ടതു്.

അകസ്മികമായി സംഭവിച്ച ഈ അത്യാഹിതത്തിൽ നിന്നു് എന്നെ രക്ഷിച്ച വി. യൌസേപ്പിൽ ഞാൻ പരിപൂർണ്ണമായി വിശ്വസിച്ചു. അയഥാർത്ഥമായി പരിഗണിച്ചിരുന്ന "പുതുമ"കളുടെ യാഥാർത്ഥ്യം അപ്പോൾതന്നെ എനിക്കു് മനസ്സിലായി. അന്നുമുതൽ ഒരു നല്ല കത്തോലിക്കനായി ജീവിക്കുന്നതിനു് നിശ്ചയിച്ചു. അതനുസരിച്ചു് ഇപ്പോഴും ജീവിച്ചുവരികയാണു്

കഥ പൂർത്തിയായതിനോടുകൂടി വണ്ടിസ്റ്റേഷനിൽ അടുത്തു. വൈദികൻ തന്റെ സ്നേഹിതനോടു, ഇപ്രകാരം യാത്രപറഞ്ഞു.

"കർത്താവിൽ സംപ്രീതനായ എന്റെ മകനെ' വി. യൌസേപ്പിന്റെ മദ്ധ്യസ്ഥംമൂലം താങ്കൾക്കുലഭിച്ച ഈ പ്രത്യേകനന്മക്കു് അദ്ദേഹത്തോടുനിങ്ങൾ കൃതജ്ഞത പ്രദർശിപ്പിക്കണം. ഒരു നല്ല കത്തോലിക്കനായി നിങ്ങൾ ദീർഘകാലം ജീവിക്കട്ടെ. നമ്മുടെ കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടി എന്നും ഉണ്ടായിരിക്കട്ടെ."

നമ്മുടെ ആപത്തുകളിൽ വി. യൌസേപ്പിന്റെ മദ്ധ്യസ്ഥം അർത്ഥിക്കുന്നതു് എത്ര ആശ്വാസം. ഈ വന്ദ്യപിതാവു് ദിവ്യഉണ്ണിയെ ഈലോകത്തിൽവച്ചു് അനേക അപകടങ്ങളിൽ നിന്നു് രക്ഷിച്ചതുപോലെ അദ്ദേഹം നമ്മുടെ അനർത്ഥങ്ങളിൽ നിന്നു് നമ്മേയും രക്ഷിക്കുമെന്നുള്ളതിനു് രണ്ടുപക്ഷമില്ല. "ഞാൻ വി. യൌസേപ്പിനോടു് അപേക്ഷിച്ച ഒരു കാര്യവും സാധിക്കാതിരുന്നിട്ടില്ല" എന്നാണു് വി. ത്രസ്യാപറയുന്നതു്.

ഗോധകസ്ഥലത്തിലെ ആത്മാവുകൾ.

'ദൈവം ഇല്ലായെന്നു' എന്റെ ഹൃദയത്തിൽ പറയുന്ന ദോഷനെ' കണക്കു, യുക്തിവാദികളെന്നഭിമാനിക്കുന്ന ക്രൂരർ, ദൈവാസ്തിക്യത്തെ നിഷേധിക്കുന്ന കുയുക്തികളാൽ ജൽപിച്ചു്, ഈശ്വരവിശ്വാസത്തെ മനുഷ്യകുലത്തിൽനിന്നും ഉച്ചാടനം ചെയ്യുവാൻ നിരന്തരം പണിപ്പെട്ടു്, ദ്രവ്യനഷ്ടംപോലും സഹിച്ചു്, പത്രങ്ങളും മാസികകളും ലഘുലേഖകളും പ്രസിദ്ധപ്പെടുത്തി സൗജന്യമായി വിതരണം ചെയ്യ മനുഷ്യന്റെ ജന്മസിദ്ധമായ ദൈവവിശ്വാസത്തെയും തജ്ജന്യമായ സന്മാർഗ്ഗബോധത്തെയും നിർമ്മൂലമാക്കുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന ഒരു കാലമാണല്ലൊ ഇതു്. ഒരുപക്ഷേ ദൈവം ഉണ്ടെങ്കിൽ തന്നെ, താൻ സ്നേഹമൂർത്തിയായിരിക്കുന്നതുകൊണ്ടു, മനുഷ്യബലഹീനതമൂലം പ്രലോഭനങ്ങൾക്കു് അധീനനായി അവൻ ചെയ്തുപോകുന്ന ക്ഷണികങ്ങളായ കുറ്റങ്ങൾക്കു് നിശ്ചയമായും നിത്യമായ ശിക്ഷ നല്കുന്നതല്ലെന്നും തന്മൂലം നരകം എന്നൊന്നില്ലെന്നും പ്രഖ്യാപനം ചെയ്തുകൊണ്ടു്, ദുഷ്ടതയിലേക്കു് ചാഞ്ഞിരിക്കുന്ന അവന്റെ പ്രകൃതിയുടെദുരാശകളെ സംയമനം ചെയ്യുവാൻ ഉപദേശിക്കാതെ, ഉത്തരോത്തരം ജഡികമായദുർമോഹങ്ങളെ വളർത്തിക്കൊണ്ടു അവയുടെ അടിമയായി ജീവിച്ചുകൊള്ളുവാൻഅവർമനുഷ്യരെ പ്രോത്സാഹിപ്പിച്ചുകൊണ്ടുംഇരിക്കുന്നു. അപ്പോൾ,ദൈവംഉണ്ടെന്നു മാത്രമല്ലതാൻ സ്നേഹമൂർത്തിയായിരിക്കുന്നു അളവിൽ നീതിസ്വരൂപൻക്രൂടെയാണെന്നും തൻമൂലം തന്റെ ഹിതത്തിനുവിപരീതമായി പ്രവർത്തിച്ചു് അനന്തനായതന്നോടുചെയ്യുന്ന ഉപദ്രവത്തിനു നിത്യമായശിക്ഷ നൽകുന്നതുകൂടാതെ, താൻ പരിശുദ്ധനായിയിരിക്കയാൽ അശുദ്ധിയുള്ളതൊന്നും തന്റെ വാസസ്ഥാനമായ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ലെന്നും അതുകൊണ്ടു നിസ്സാരങ്ങളായ പാപങ്ങൾപോലും തനിക്കു് അസഹ്യങ്ങളായിരിക്കുമെന്നും തന്റെ ദർശനത്തിനും സാമീപ്യത്തിനും അഗ്രഹിക്കുന്നവർ യാതൊരു പാപക്കറയും ഇല്ലാത്തവരായിരിക്കണമെന്നും, അങ്ങനെ വല്ലപാപക്കറ

യും മനുഷ്യന്റെ മരണനേരത്തു് അവനിൽ ഉണ്ടായിരുന്നാൽ, ആ കറകൂടെ നിർമ്മൂലമായിട്ടല്ലാതെ അവൻ ദൈവസന്നിധിയിൽ പ്രത്യക്ഷപ്പെടുവാനോ തന്നെ അഭിമുഖമായി ദർശിച്ചു തന്നിൽലയിച്ചു് അനന്തഭാഗ്യം അനുഭവിക്കുവാനോ ശക്തനാകയില്ലെന്നും അങ്ങനെയുള്ള നിസ്സാരകറകളും, മരണസമയത്തു മനുഷ്യനിൽ ഉണ്ടായിരുന്നാൽ അവയേ, പരിഹരിക്കുവാനായി മരണാനന്തരം മനുഷ്യാത്മാവു ശുദ്ധീകരിക്കപ്പെടേണ്ടതാവശ്യമാണെന്നും, ആ മാതിരി വിശുദ്ധീകരണത്തിനുള്ളയിടമാണു് ശോധകസ്ഥലം—പൈസ പ്രീക്കാനാ— എന്നും, കത്തോലിക്കസഭ അപ്രമാദിതത്തോടുകൂടി പഠിപ്പിക്കുന്നതിനേ, കേൾക്കുമ്പോൾ, മുൻപ്രസ്താവിച്ചകുട്ടിക്കുണ്ടാകുന്ന ഹാസ്യത്തിനു അതിരില്ലായിരിക്കാം. അതെങ്ങിനെയുമാവട്ടെ. പരിശുദ്ധാത്മാവിയാൽ പഠിപ്പിക്കപ്പെട്ടും, വിശുദ്ധലിഖിതത്തെ ആശ്രയിച്ചും പിതാക്കന്മാരുടെ പാരമ്പര്യത്തെ അവലംബിച്ചും കത്തോലിക്കാസഭ "ശോധകസ്ഥലമുണ്ടെന്നും, അവിടെ വസിക്കുന്ന ആത്മാവുകൾ വിശ്വാസികളുടെ പ്രാർത്ഥനകളാലും, സവ്വപ്രധാനമായി അൾത്താരയിലെ സ്വീകാര്യബലിമൂലവും ആശ്വസിപ്പിക്കപ്പെടുന്നുണ്ടെന്നും പഠിപ്പിക്കുന്നു."

(Council of Florance and Trent)

ഈദൃശആത്മാവുകളുടെ സ്മരണയേ, സഭ കൊണ്ടാടുന്ന ദിനമാണു് സകല മരിച്ചവരുടെ ഓർമ്മദിവസമായ നവംബർ 2-ാം നു-. ഈ സുദിനത്തിൽ വിശ്വാസികൾ പ്രത്യേകവിധം അവരുടെ സഹോദരങ്ങളായ ശോധകസ്ഥലത്തിലെ ആത്മാവുകളെ ഓർത്തു അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും തങ്ങളുടെ ദാനധർമ്മങ്ങൾ കൊണ്ടും തപക്രിയകൾകൊണ്ടും പ്രത്യേകമായി അൾത്താരയിലെ വി. ബലിവഴിയായിട്ടും അവരുടെ വേദനകളെ ശമിപ്പിക്കുന്നതിനും അവരുടെ പീഡനത്തിന്റെ കാലത്തെ കുറയ്ക്കുന്നതിനും സത്വരം യത്നിക്കണമെന്നും തന്റെവാത്സല്യമക്കളോടു സഭാമാതാവു ഉണർത്തോഷിക്കുന്നു. ഒരുപക്ഷെ നമ്മുടെ മാതാപിതാക്കളോ ഭാര്യാഭർത്താക്കന്മാരോ പുത്രീപുത്രന്മാരോ അഥവാ ബന്ധുജനങ്ങളോ മിത്രങ്ങളോ ഈ കാരാഗൃഹത്തിൽ ഉണ്ടായിരിക്കാം. അത്രം ഒരുപക്ഷേ നാംമൂലവുമായിരിക്കാം. എന്തുകൊണ്ടെന്നാൽ അവരു

ടെഐഹികജീവിതകാലത്തിൽനമ്മോട്ട് അവക്കുണ്ടായിരുന്ന വാത്സല്യാതിരേകത്താൽ നമ്മുടെ ലൗകികമായ അഭ്യുന്നതിയിൽ അവർ ഭത്തശ്രദ്ധാരായിരുന്നതുമൂലം, തങ്ങളുടെ സ്വന്തആത്മീയകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധാലുക്കളായി വ്യാപരിക്കുവാൻതരപ്പെടാഞ്ഞവരായിതീർന്നതുകൊണ്ടായിരിക്കാം ഇന്നു ഈഭയങ്കരമായകാരാഗ്രഹത്തിൽ അവർ അവർണ്ണനീയമായ സങ്കടങ്ങൾ അനുഭവിക്കുന്നതു്. നമുക്ക് അവരുടെ വേദനകളേയും സങ്കടങ്ങളേയും ശമിപ്പിക്കുന്നതിനും അവരുടെ പ്രവാസഘട്ടത്തിന്റെ ദൈർഘ്യത്തെ കുറയ്ക്കുന്നതിനും കഴിയും. അതുചെയ്യുവാൻ നാം നീതിയിൽബദ്ധരുമല്ലെ? അതുകൊണ്ടു വിശ്വാസികൾ എല്ലാവരും നിസ്സഹായരായ ഈ നമ്മുടെ സഹോദരങ്ങളെ യഥാശക്തി മേൽപ്രസ്താവിച്ച എല്ലാ സൽപ്രവൃത്തികളും ചെയ്തു സഹായിച്ചാൽ, അവർ നമ്മോട് കൃതഘ്നരായിരിക്കയില്ല. ദൈവസന്നിധിയിൽ ഏറ്റവും തന്നിൽ ആനന്ദിക്കുന്ന കാലത്തു, അവരെ അതിനു പ്രാപ്തരാക്കിയ നമ്മേയും അവർ ഓർത്തു നമുക്കുവേണ്ടി അവർ പ്രാർത്ഥിച്ച നമുക്കാവശ്യമായ അനുഗ്രഹങ്ങളും ഇക്കാലത്തു ലഭിച്ചുതരികയും, 'ഇന്നു് അവർ ആയിരിക്കുന്നിടത്തു് ഒരിക്കൽ നാം ചെന്നെത്തുമ്പോൾ നാമും അവിടെനിന്നു് എളുപ്പത്തിൽവിമുക്തരായി സുഭാഗ്യത്തിൽ പ്രവേശിക്കുന്നതിനു് അവർനമ്മെസഹായിക്കുകയുംചെയ്യും. "നിങ്ങൾ അളക്കുന്ന അളവാൽനിങ്ങൾക്കും അളക്കപ്പെട്ടും"

നാം എപ്പോഴെങ്കിലും നമ്മുടെയുവജനങ്ങൾക്കുവേദപ്രചാരപരമായ ഒരുചിട്ടാഭ്യാസപരിശീലനവും നൽകേണ്ടിയിരിക്കുന്നുവെങ്കിൽ, അതു നമ്മൾഇപ്പോഴാണു്.

മനുഷ്യകുലപരിത്രാതാവു ഗാഗുൽത്തായിൽ ഉയർത്തപ്പെട്ടിട്ടു ഛൻ—ത്തവത്സരങ്ങൾ കഴിഞ്ഞിട്ടും, എണ്ണുകൊണ്ടു ലോകത്തിന്റെ ഇരുപത്തുശതമായ ഒരു ഭാഗംമാത്രമേ ക്രിസ്തോലിക്കമായിരിക്കുന്നുള്ളൂ? താൻ ഉയർത്തപ്പെട്ടാൽ എല്ലാറേയും തന്റെകലേക്കു ആകർഷിക്കുമെന്നു നമ്മുടെ കർത്താവു വാഗ്ദാനം ചെയ്തിട്ടില്ലേ.?

ഇതിന്റെഉത്തരം നമ്മിൽതന്നെ സ്ഥിതിചെയ്യുന്നു. മനുഷ്യന്റെ ഏറ്റവും പ്രധാനമായശക്തി, അവന്റെ സ്വതന്ത്രമനസ്സാണു്. ദൈവം തന്റെ ഈ ദാനത്തെ നമ്മിൽനിന്നു നിർബന്ധപൂർവ്വം തിരിച്ചു എടുക്കുകയില്ല. താൻ ക്ഷണിക്കുന്നു. പക്ഷേ ഒരിക്കലും നിർബന്ധിക്കുന്നില്ല.

ലോകത്തിന്റെ തുലോം തുച്ഛമായ ഭാഗം മാത്രമേ സത്യവിശ്വാസത്തെ അറിഞ്ഞിട്ടുള്ളുവെങ്കിൽ അതു മാനസാന്തരജോലിയിൽ സഹകരിക്കുന്നതിനു് ദൈവം വിളിച്ചിട്ടുള്ളവരിൽ പലരും ആ ക്ഷണത്തെ നിരസിച്ചിരിക്കുന്നതുകൊണ്ടല്ലേ.?

ദൈവം നിങ്ങളേ വിസ്മരിച്ചിട്ടില്ല; പക്ഷേ നിങ്ങൾ ദൈവത്തേ വിസ്മരിച്ചിരിക്കുന്നു. F. A.)

പ്രാർത്ഥന.

(ജെ. കുയ്മൻ വള്ളുവന്തറ)

പരിഷ്കാരം മൈനദിനമെന്നവണ്ണം പുരോഗതി പ്രാപിച്ചുവരുന്ന അധുനാതനകാലത്തു മൈവഭക്തിയും, മൈവാനുഗ്രഹാർത്ഥനാസക്തിയും സാരമായവിധത്തിൽ അധോഗതി പ്രാപിച്ചുകൊണ്ടേയിരിക്കുന്നു. ഇന്നത്തു പച്ചപ്പരിഷ്കാരികളുടെ നവീനകണ്ടുപിടിത്തങ്ങളിൽ ഏറ്റവും അത്ഭുതാവഹവും നിന്ദ്യാഹ്വവുമായിരിക്കുന്നതു് ഈശ്വരാസ്തിക്യാവഹേളനവും, മതോച്ചാടനസംരഭവുമാണു്. മറ്റു സംഗതികളിലെന്നപോലെ ഇക്കാര്യത്തിലും നമുക്കു മാർഗ്ഗദർശികളായിരിക്കുന്നതു വിദേശികളാണു്. വൈദേശിക അജ്ഞേയവാദികളുടെ അനന്തിരാവകാശികളാണു് ഈ നാട്ടിലെ അപൂർവ്വം ചില "യുക്തിവാദി" പ്രമുഖന്മാർ. ഇവരുടെ കുയുക്തികളും തദനുസരണമായുള്ള ജൽപനങ്ങളും കുഹേഷ്ടിതങ്ങളും ഏറ്റവും ലജ്ജാവഹമായിരിക്കുന്നു.

ഈ അഭിനവപരിഷ്കാരഭ്രമത്തോടുകൂടിത്തന്നെ പ്രാർത്ഥനയിൽ ജനതതിക്കുള്ള വിശ്വാസക്കുറവും വളരെ വർദ്ധിച്ചിട്ടുണ്ടു്. ഇന്നു നമുക്കു ദർശനീയമായിരിക്കുന്ന "പഞ്ചം പട വസന്ത" തുടങ്ങിയുള്ള ഭയങ്കരവീഡകൾ നമ്മുടെ അവിശ്വാസത്തിൻറെയും പ്രാർത്ഥനാവിമുഖതയുടേയും പ്രത്യക്ഷഫലമാണെന്നുള്ളതിനു തെല്ലും സംശയമില്ല. സകലവരദാതാവും, സകലൈശ്വര്യസ്രഷ്ടാവുമായിരിക്കുന്ന മൈവത്തെ അറിയാത്തലോകം എങ്ങിനെ ആ സത്യൈകമൂർത്തിയിൽനിന്നും ആശാനുകൂലമായി അനുഗ്രഹങ്ങൾ അവിരാമമായി അനുഭവിക്കും. എന്നാൽ ഈ ദയനീയസ്ഥിതിയെ കണ്ടുകൊണ്ടാണു പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു മൈവഭക്തിയിലും, പ്രാർത്ഥനയിലും അഭിവൃദ്ധിപ്പെട്ടുവരുന്നതിനു സദാ നമ്മോടുപദേശിച്ചും, ശാസിച്ചുംകൊണ്ടിരിക്കുന്നതു്. അവിടുത്തെ ശക്തി കരശക്തിയൊ ധനശക്തിയൊ അല്ല. പിന്നെയൊ, "പ്രാർത്ഥന എന്ന അക്ഷരത്രയത്തിൽ പരിശുദ്ധപിതാവു് അവിടുത്തെ ശക്തി മുഴുവനും" അടക്കിക്കൊള്ളുന്നു.

പ്രാർത്ഥന എന്നതു് നാം മൈവത്തോടു നടത്തുന്ന ഒരു സംഭാഷണമാകുന്നു. പ്രാർത്ഥന നമ്മെ മൈവസന്നിധിയിലേക്കു ബലമായി അടുപ്പിക്കുകയത്രെ ചെയ്യുന്നതു്. നാം ഒരു അധികാരിയുടെ മുമ്പിൽ എത്ര വിനയസമനചിതവും, ഭക്ത്യാദരവുകളോടു കൂടിയുമാണു് എന്തെങ്കിലും കാര്യം ഉണർത്തിക്കുന്നതു്. എന്നാൽ രാജാധിരാജനും, സകലാധികാരനിധിയും, നമ്മുടെ സൃഷ്ടാവുമായിരിക്കുന്ന മൈവസമക്ഷം നമ്മുടെ ആവശ്യങ്ങൾ അറിയിക്കേണ്ടതു് എത്രമാത്രം ഭയഭക്തികളോടുകൂടിയായിരിക്കണം. നമ്മുടെ പ്രാർത്ഥന ഫലപ്രദമായിത്തീരുന്നതിനു് ഏതാനും സംഗതികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്.

നാം ഏറ്റവും "എളിമ"യോടുകൂടി പ്രാർത്ഥിക്കണം. നാം പ്രാർത്ഥനവഴി നമ്മുടെ ആവശ്യങ്ങളെ മൈവത്തോടു് അറിയിക്കുകയത്രെ ചെയ്യുന്നതു്. മൈവ

സന്നിധിയിൽ നാം നിതാന്തനിസ്സാരന്മാരും അയോഗ്യരുമാണു്. ആയതിനാൽ ഏറ്റവും വിനയത്തോടും എളിമയോടുംകൂടി പ്രാർത്ഥിക്കണം. "ദൈവം എളിയവരുടെ പ്രാർത്ഥനയെ സ്വീകരിക്കുന്നു." "എളിയവന്റെ പ്രാർത്ഥന മേഘങ്ങളെ അതിക്രമിച്ചു ദൈവസമക്ഷം ചെന്നുനിൽക്കും" എന്നുതുടങ്ങിയ വാക്യങ്ങൾ എളിമയുടെ മഹാശക്തിയെ വിളിച്ചറിയിക്കുകയത്രെ ചെയ്യുന്നതു്. എളിമ തലപ്പെട്ട പുണ്യങ്ങളിൽ ഒന്നായിരിക്കുന്നു. എളിമ മറ്റുസകല ഗുണങ്ങളുടെയും സാക്ഷാൽ അടിസ്ഥാനം എന്നതന്നെ പറയാം. അഹങ്കാരികളായ അനേകപുരുഷന്മാരായിത്തീർന്നില്ലെ? സ്വയം അഭിമാനിച്ച പ്രീശന്റെ പ്രാർത്ഥന ദൈവം നിരാകരിച്ചില്ലെ? "പട്ടണത്തിലെ കർത്താക്കന്മാരും മെത്രാന്മാരും, ബിരുദധാരികളായ പണ്ഡിതന്മാരും പ്രഭുക്കന്മാരും" എന്നുവേണ്ട ആധുനികലോകം മുഴുവനും വിശുദ്ധകൊച്ചുത്രേസ്യായുടെ അടിമലരിണയിൽ അഭയം തേടാൻ കാരണം അവളുടെ അജയ്യമായ എളിമയല്ലയൊ? ഗോലിയാത്തിനെ നശിപ്പിക്കുന്നതിനു ദാവീദും ഫറവോൻസിനെ രക്ഷിക്കുന്നതിനു ജോവാനും നിയോഗിതരായില്ലെ? എന്തിനു് ദൈവപുത്രൻ ഒരു സാധുകന്യകയുടെ എളിയ ഉദരത്തിൽ ജനിച്ചു് ഒരു സാധുതച്ചനു വിധേയനായി ജീവിച്ചില്ലെ? ദൈവമാതൃസ്ഥാനിയായ മറിയം "കർത്താവിന്റെ അടിയാട്ടി" എന്നു് സ്വയം താഴ്ത്തിയില്ലെ? "സ്വർഗ്ഗത്തിന്റേയും ഭൂമിയുടെയും പിതാവെ! ഞാൻ നിന്നെ വാഴ്ത്തുന്നു! എന്തെന്നാൽ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും ഈ സംഗതികളെ നീ മറച്ചുവെക്കയും ചെറിയവർക്കു അവയെ വെളിപ്പെടുത്തുകയുംചെയ്തിരിക്കുന്നു" ദുർബലങ്ങളെ പ്രബലങ്ങളും അജ്ഞാതങ്ങളെ പ്രഖ്യാതങ്ങളും, വിനീതങ്ങളെ അത്യുന്നതങ്ങളും, നിസ്സാരന്മാരെ വലിയവരും ആക്കിത്തീർക്കുന്നതും ദൈവം തന്നെ.

"ചഞ്ചലിക്കാതെ വിശ്വാസത്തോടുകൂടി ചോദിക്കണം" അതിനാൽ നമ്മുടെ ആഗ്രഹം സാധിക്കുന്നതിനു് അനുഗ്രഹത്തിന്റെ സിംഹാസനത്തിലേക്കു വിശ്വാസത്തോടുകൂടി നമുക്കു് അടുക്കാം." ദിവ്യരക്ഷകൻ തന്നെ വി. ജൽത്രൂദിനോടു നല്ല വിശ്വാസത്തോടുകൂടി അർത്ഥിക്കുന്നവർക്കു് അവരുടെ ആഗ്രഹം സാധിച്ചുകൊടുക്കാൻ താൻ നിർബന്ധിതനാകുന്നുവെന്നു് അറിയിച്ചിട്ടുണ്ടത്രെ. നമ്മുടെ കർത്താവിന്റെ ഇഹലോകവാസാവസരത്തിൽ തന്നിൽ വിശ്വസിച്ചതിനോടു യാചിച്ചവർക്കു് അനുഗ്രഹങ്ങൾ സുലഭമായി നൽകിയിട്ടുണ്ടെന്നുള്ളതിനു വിശുദ്ധലിഖിതംതന്നെ സാക്ഷ്യം വഹിക്കുന്നു. പിശാചുബാധിതരെ സുഖപ്പെടുത്തിയതും, കുരുടന്മാർക്കു കാഴ്ച നൽകിയതും, മൂകന്മാർക്കു വാക്പാടവം കൊടുത്തതും, രോഗികളെ സുഖപ്പെടുത്തിയതും, മൃതരായവരെ ഉയർപ്പിച്ചതും ഉറച്ച വിശ്വാസത്തിന്റെ പ്രത്യക്ഷഫലങ്ങളത്രെ. കർത്താവിനെ ഒരുകണ്ണുകണ്ടു രക്ഷിയടയുന്നതിനു വൃക്ഷാഗ്രത്തിൽ സ്ഥലം പിടിച്ചിരുന്ന വാമനനായ സക്കെയ്സ്സിന്റെ ഭവനത്തിൽ അങ്ങനെ ഉൾപ്രവേശിച്ചതു് അവന്റെ ഹൃദയത്തിലുണ്ടായിരുന്ന വിശ്വാസസ്ഥിരതയെ അവിടുന്നു് ദിവ്യശക്തിമൂലം അറിഞ്ഞതുകൊണ്ടല്ലയൊ? "രക്ഷിക്കണെ" എന്നാപേക്ഷിച്ച നല്ലകള്ളനെ അവിടുന്നു രക്ഷിച്ചനുഗ്രഹിച്ചതും അവന്റെ ഹൃദയംഗമമായ വിശ്വാസംകൊണ്ടു മാത്രമാണു്. എന്തിനു്, ഒരു യഥാർത്ഥക്രിസ്തീയവിശ്വാസത്തിലുപരിയായി യാ

തൊന്നുംതന്നെയില്ല. ദൈവം നമ്മിൽനിന്നു് ആഗ്രഹിക്കുന്നതും വിശ്വാസം മാത്രമാണു്. "നിന്റെ വിശ്വാസം നിന്നെ പൊരുപ്പിക്കും" വിശ്വാസസ്ഥിരതയില്ലാതെ, ചഞ്ചലപ്പെട്ടുന്നവൻ കാറ്റിനാൽ ഇളകിമറിക്കപ്പെട്ടുന്ന സമുദ്രത്തിലെ ഓളത്തിനു സമാനനാകുന്നു. അതിനാൽ അപ്രകാരമുള്ളവൻ ദൈവത്തിൽ നിന്നു് ഒന്നുംതന്നെ സ്വീകരിക്കയില്ലെന്നു ധരിക്കട്ടെ."

"പ്രാർത്ഥനയിൽ 'സ്ഥിര'മായി നിൽക്കുന്നവർക്കു ദാനങ്ങൾ കൊടുക്കുവാൻ ദൈവം ആഗ്രഹിക്കുന്നു" അതെ, നമ്മുടെ പ്രാർത്ഥനയിൽ സ്ഥിരതയ്ക്കുന്നതിനു അവശ്യം ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു സംഗതിയാണു"; ആഗ്രഹംസാധിക്കുന്നതുവരെ ഇടവിടാതെ നിസ്സന്ദേഹമായി പ്രാർത്ഥിക്കണം. വേദപുസ്തകത്തിൽ ഒരു സ്ത്രീയുടെ മുട്ടിപ്പായുള്ള പ്രാർത്ഥനയെക്കുറിച്ചു സവിസ്തരം പ്രസ്താവിച്ചിട്ടുണ്ടു്. യേശു ശിഷ്യസമന്വിതം യാത്രചെയ്കയിൽ ഒരു സ്ത്രീ അവിടുത്തെ സമീപിച്ചുകൊണ്ടു സ്വപുത്രിയെ പിശാചുബാധയിൽനിന്നു രക്ഷിക്കണമെന്നു് അപേക്ഷിച്ചു. പലപ്രാവശ്യം അവൾ അപേക്ഷിച്ചിട്ടും കർത്താവു് അതൊന്നുമറിഞ്ഞില്ലെന്നുള്ള ഭാവത്തിൽ യാത്ര തുടർന്നു. അവൾ പിന്നെയും പിന്നെയും പ്രാർത്ഥിച്ചാറെ "പട്ടികൾക്കു മക്കളുടെ അപ്പം എറിഞ്ഞുകൊടുക്കുന്നില്ല" എന്നു സൗരവം ഉത്തരിക്കുകയത്രെ ചെയ്തതു്. സ്ത്രീയാകട്ടെ അതുകൊണ്ടും പിന്മാറാതെ, "യജമാനന്റെ മേശയ്ക്കടിയിൽ വീഴുന്ന അപ്പത്തരികൾ പട്ടികളും തിന്നുന്നില്ലയോ?" എന്നു സവിനയം പ്രത്യുത്തരിച്ചു. ഇത്ര ശ്രവിച്ച ദൈവപുത്രൻ അവളുടെ നിരന്തരവും സുസ്ഥിരവുമായ പ്രാർത്ഥനയെ കൈക്കൊണ്ടു് അവളുടെ ആഗ്രഹനിവൃത്തിവരുത്തി അനുഗ്രഹിച്ചയച്ചു. ഈ സ്ത്രീ നമുക്കു് ഒരുത്തമമാതൃകയാണു്. "കർത്താവിനെ പാർത്തുകൊണ്ടു നിൽക്കുന്നവർ ഭാഗ്യവാന്മാരാകുന്നു." (വി. ഇസയാസു്.) "കായ്മും സാധിച്ചല്ലാതെ മാറിപ്പോകരുതു്" (വി. ക്രിസോസ്തോം) "പ്രാർത്ഥന എത്രത്തോളം നിർബന്ധപൂർവമായിരിക്കുമോ അത്രത്തോളം സ്വീകാര്യമായിത്തീരുന്നു" (വി. ജറോം) നമുക്കു് ആവശ്യമുള്ള സംഗതികൾ ലോഭംകൂടാതെ നൽകുന്നതിനു് ദൈവം എന്നേരവും സന്നദ്ധനായിരിക്കുന്നു. എന്നാൽ നമ്മുടെ പ്രാർത്ഥന പൊട്ടന്നനെ ഫലപ്രാപ്തമായില്ലെന്നു കരുതി പിന്മാറുന്നതു തികച്ചും മൗഢ്യമാണു്.

എളിമയോടും വിശ്വാസത്തോടുംകൂടി മുട്ടിപ്പായി നാം പ്രാർത്ഥിച്ചാൽ നിസ്സംശയമായും നമുക്കു് ആശോചിതമായ സൽഫലങ്ങൾ സുലഭമായി ലഭിക്കുമെന്നുള്ളതിനു് യാതൊരു തർക്കവുമില്ല. നമ്മുടെകർത്താവുതന്നെ പൂങ്കാവനത്തിൽവെച്ചു സ്വപിതാവിനോടതിഷ്ഠിച്ചില്ലെ? "ഞങ്ങളെ പ്രാർത്ഥിക്കുന്നതിനു് പഠിപ്പിക്കേണമെ" എന്നു് അപേക്ഷിച്ച ശിഷ്യഗണത്തിനു് ദൈവപുത്രൻ ഏറ്റവും വിശിഷ്ടമായ പ്രാർത്ഥന അഭ്യസിപ്പിച്ചില്ലെ? അതിനാൽ നമുക്കും പ്രാർത്ഥിക്കാം. പ്രാർത്ഥനയിൽ അതീവ വിശിഷ്ടമായ ജപമാല പ്രാർത്ഥനവഴി വിശുദ്ധമറിയാമിൽക്കൂടി നമുക്ക നമ്മുടെ ആവശ്യങ്ങൾ സാദരം, സവിശ്വാസം, സുസ്ഥിരമായി ദൈവസമക്ഷം അർപ്പിക്കാം. അപ്പോൾ നമ്മുടെമേൽ അനുഗ്രഹവർഷം അവ്യാഹതമായി ഉണ്ടാകും. "പരിശുദ്ധദേവമാതാവേ! പാപികളായ ഞങ്ങൾക്കുവേണ്ടി നിന്റെ തിരുക്കുമാരനോടപേക്ഷിക്കണമേ!!"

കത്തോലിക്കമതമാണ്

പുതിയഇന്ത്യയുടെഅടിസ്ഥാനം.

ഒരു അകത്തോലിക്കന്റെ അഭിപ്രായം.

"Young men of India" എന്ന പ്രസിദ്ധീകരണത്തിന്റെ അടുത്തുകഴിഞ്ഞ പതിപ്പിൽ ഒരു അകത്തോലിക്കൻ എഴുതിയിരിക്കുന്ന ലേഖനത്തിൽ പുതിയ ഇന്ത്യയ്ക്ക് അടിസ്ഥാനമായിരിക്കേണ്ട തത്വങ്ങൾ കത്തോലിക്കമതത്തിലാണുള്ളതെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹംപറയുന്നു:—

"ഇന്ത്യയുടെ, എന്നുവേണ്ട ലോകമാസകലമുള്ള മനുഷ്യഹൃദയങ്ങളുടെ, ഏറ്റവും വലിയ ആവശ്യം തങ്ങൾക്കു അനുഷ്ഠിക്കാൻ കഴിയുന്ന ഒരു നല്ല ജീവിതപരിപാടിയാകുന്ന മതം. മനുഷ്യനു ഉൽകൃഷ്ടമായ ഒരു സാന്മാർഗ്ഗികാദർശം കാണിച്ചുകൊടുത്താൽ പോരാ; അതനുസരിച്ചു ജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങളെ സ്വാധീനപ്പെടുത്തികൊടുക്കുകയും ചെയ്യണം. മതം അതിൽചേരുന്നവർക്കു അവർ വിശ്വസിക്കേണ്ട തത്വങ്ങൾമാത്രമല്ല, അവർ ചെയ്യേണ്ട കൃത്യങ്ങളും അവയുടെ ന്യായങ്ങളും പറഞ്ഞുകൊടുക്കണം. ക്രിസ്തീയ 'സാധന'ത്തെ—ആത്മസംയമനത്തെ—ക്കുറിച്ചു നിസ്സന്ദേഹമായ ഒരു സിദ്ധാന്തം നൽകാത്തതരം ക്രീസ്തുമതംകൊണ്ടു് ഇന്ത്യയ്ക്കു ഇക്കാലത്തു യാതൊരു പ്രയോജനവുംസിദ്ധിക്കയില്ല. ഈ സിദ്ധാന്തം നൽകാൻ അതിനു പ്രാപ്തിയുണ്ടെന്നുള്ളതാണു് കത്തോലിക്കമതത്തിനുള്ള പ്രത്യേകത. കമ്പസാരംഎന്ന കമ്മാനനുഷ്ഠാനം മുഖേന മനുഷ്യഹൃദയത്തെ മറാക്കുംകഴിയാത്തവിധം അത്ര വിശേഷമായി ആ മതം അറിഞ്ഞിട്ടുണ്ടു്. അതിന്റെ സന്മാർഗ്ഗസംഹിത തീച്ചയായും ലോകത്തിൽവച്ചു ഏറ്റവും പരിപൂർണ്ണമാകുന്നു. സന്മാർഗ്ഗനിയമങ്ങളെന്തെല്ലാമെന്നറിയുന്നതിനു ഓരോ പരീക്ഷണങ്ങൾനടത്തി ഉഴലുന്ന മനുഷ്യർക്കു അവരുടെ സകലശക്തികളെയും അതിശയിക്കുന്ന അത്യുൽകൃഷ്ടാദർശത്തെ കത്തോലി

ക്കസഭ കാണിച്ചുകൊടുക്കയും, അവരുടെ അന്ത്യത്തെ പ്രാപിക്കാൻ അവരെ തീച്ചയായും സഹായിക്കുമെന്നു ദീർഘകാലത്തെ അനുഭവംകൊണ്ടു താൻ അറിഞ്ഞിട്ടുള്ള ഒരു ജീവിതക്രമത്തെ നൽകുകയുംചെയ്യുന്നു.....സന്യാസജീവിതസമ്പ്രദായത്തെ സ്വീകരിക്കാത്ത ക്രീസ്തുമതം ഇന്ത്യയിൽ ഒരിക്കലും അഭിവൃദ്ധിപ്പെട്ടുകയില്ല. ക്രീസ്തുമതം ആത്മത്യാഗത്തിന്റെ മതമല്ലെങ്കിൽ അതിനു യാതൊരു വിലയുമില്ലെന്നാണു ഇന്ത്യാക്കാരുടെ ധാരണ. ക്രിസ്ത്യാനികളെല്ലാം സന്യാസജീവിതം അനുഷ്ഠിക്കണമെന്നല്ല ഇതിന്റെ അർത്ഥം. പക്ഷെ സന്യാസജീവിതത്തിനു ആ മതത്തിൽ മുമ്പുണ്ടായിരുന്ന മാന്യസ്ഥാനം വീണ്ടുംകൊടുക്കണമെന്നു അതിനു അർത്ഥമുണ്ട്".

"കത്തോലിക്കമതത്തിന്റെ അനുന്യനമായ ഓജസ്സിനു കാരണമായിരിക്കുന്നതു അതിലെ അവിവാഹജീവിതസമ്പ്രദായമാണു" എന്നു മഹാത്മാഗാന്ധി ഒരിക്കൽ പറയുകയുണ്ടായി. 'സാധു'ക്കളെയും ആശ്രമങ്ങളെയുംകൊണ്ടു നിറഞ്ഞിരിക്കുന്ന ഈ രാജ്യത്തിനു, പരലോകചിന്തയാൽ രൂപീകരിക്കപ്പെട്ടുന്നതെന്നു മാത്രമല്ല ദൈവികമാർഗ്ഗകയനുസരിച്ചുള്ള ജീവിതക്രമത്തെ എത്രയും എളുപ്പമായരീതിയിൽ ഉൽബോധിപ്പിക്കുന്ന ഒരാദർശത്തെ ആധുനിക കത്തോലിക്കമതം നൽകുന്നതാണു". കത്തോലിക്കസന്യാസി ലോകത്തെ ഉപേക്ഷിക്കുന്നതു് ലോകത്തിനു ശുശ്രൂഷകം ചെയ്യാനാകുന്നു; അയാൾ അനുഷ്ഠിക്കുന്ന ദാരിദ്ര്യവ്രതം മറ്റുള്ളവരെ സമ്പൽസമൃദ്ധരാക്കുന്നു; അയാൾ സന്താനത്തെ ഉൽപാദിപ്പിക്കുന്നില്ലെങ്കിലും മനുഷ്യരെല്ലാരെയും സന്താനങ്ങളായി സ്വീകരിക്കുന്നു. ആധുനിക ഇന്ത്യക്കായിട്ടു് കത്തോലിക്കമതത്തിനു നൽകാൻ കഴിയുന്ന ഏറ്റവുംവലിയ ദാനമേതെന്നു ചോദിച്ചാൽ, സന്യാസജീവിതം വരിച്ചു തങ്ങളെ പരിപൂർണ്ണമായിത്യജിച്ചു ദൈവത്തിനും മനുഷ്യർക്കും ശുശ്രൂഷകംചെയ്‌വാൻ സ്ത്രീപുരുഷന്മാർക്കു അവസരമുണ്ടാക്കിക്കൊടുക്കുന്നതാണെന്നാണു എന്റെ അഭിപ്രായം ....

"കത്തോലിക്കമതത്തിനു കേവലം ദേശീയമായ ആദർശത്തോടു് ഒരിക്കലും ഇഷ്ടമുണ്ടായിട്ടില്ല; എന്നുവച്ചു ക്രിസ്തീയജീവി

തത്തെ ഓരോ ദേശത്തിന്റെയും രീതിയനുസരിച്ചു പ്രകാശിപ്പിക്കുന്നതിൽ അതു് ജനങ്ങൾക്കു പ്രോത്സാഹനം നൽകാതിരുന്നിട്ടുമില്ല. കത്തോലിക്കമതം പ്രകൃത്യാ സർവ്വദേശീയവും സാർത്രികവുമാണു്. ക്രിസ്തുവിന്റെ ആ സഭാശരീരത്തിൽ പാശ്ചാത്യമെന്നോ പൌരസ്ത്യമെന്നോ ഉള്ള വ്യത്യാസം അംഗീകരിക്കപ്പെട്ടുന്നില്ല. കത്തോലിക്കസഭ സർവ്വജാതികളെയും ഏക രീതിയിൽഗണിക്കുന്ന മനസ്ഥിതിയുടെ മൂർത്തികരണമായിരിക്കും. ധനവാനും ദരിദ്രനും, പണ്ഡിതനും പാമരനും, വെള്ളക്കാരനും നാട്ടുകാരനും, സവർണ്ണനും അവർണ്ണനും, എന്നീവ്യത്യാസംക്രൂടാതെ സകല മനുഷ്യർക്കും ഒരുപോലെ തന്റെ മടിയിൽഅഭയംനൽകുകയുംചെയ്യുന്നു".

(സ. ദീ.)

ഈശോ നിന്നെ വിളിക്കുന്നു.

(റവ. പി. സി. ജോസഫ്)

(കേക)

1 "നിനക്കായ് ഞാനിഹത്തിലനേകകാലമായി
തനിയേവസിക്കുന്നുവെന്നുനീയറിഞ്ഞാലും
2 ഏകാന്തവാസംചെയ്യുംസത്യദൈവമാമെന്നെ
ഏകനായ് വന്നെങ്കിലുമല്ലമാശ്വസിപ്പിക്കു.
3 ലാളിക്കുംമാതാവിനോടെന്നപോലെന്നോടുംനീ
മഞ്ജുളഭാഷണങ്ങൾ ഞാഞ്ഞിലുരച്ചാലും
4 നിൻശക്തികൊതീപമായുള്ളൊരുവൻകായ്മി–
ങ്ങെൻസ്നേഹസമ്പാദ്യത്തിനേതുമേചെയ്തീടേണ്ട.
5 നിർമ്മലസ്നേഹംമതിയാമെനിക്കേതുനിന്റെ
നിർമ്മലഹൃദയത്തിലേറ്റം ഞാൻസന്തുഷ്ടനാം
6 വ്യാധിബാധിതരായോ, മതത്യാഗികളായോ,
നിർദ്ധനരായോഭൂശംനിർഭാഗ്യവാന്മാരായോ
7 നിൻപരിചിതരായിവല്ലോരുമുണ്ടെന്നാകിൽ
എന്നോടിന്നവർക്കെല്ലാമാശിസ്സുപേക്ഷിച്ചാലും

8 ഭിന്നിച്ചുനില്പുംധിനെറവുപ്പ്സ്നേഹിതന്മാരെ
ഒന്നിച്ചുചീണ്ടുംക്രൂട്ടാനാശിക്കുന്നില്ലേ കുഞ്ഞേ!
9 ആരുടെമൈത്രീബന്ധമിന്നുനീയാശിക്കുന്ന
പേരുനീപറഞ്ഞാലുംകായ്യംസുസാധ്യമത്രെ.
10 വൻസുഖലോലുപനോ, ഭീരുവോ, ദുശ്ശാഠ്യനോ
ഡംഭാന്ദ്ധർബുദ്ധിയോസ്വാർത്ഥൈകതൽപരനോ?
11 തൊട്ടടൻവാട്ടനോരുലുതയ്ക്കുസമാനനോ?
പെട്ടെന്നുക്ഷോഭിച്ചാക്രമപ്രീതിനൽകുവോനോ?.
12 കാമാദിദുഃശ്ശീലങ്ങൾക്കുഭയസ്ഥാനമോനീ
സാമോദമുരക്കുകനോമനേപൊന്നോമനേ.
13 സന്മാർഗ്ഗജീവിതത്തിനവശ്യംവേണ്ടതായ
സന്മാർഗ്ഗംകാട്ടിത്തരാംപ്രസ്നലായാചിക്കുനീ
14 ആയുസ്സോ ആരോഗ്യമോധനമോവൻഭ്രഷ്ടത്തോ
യശസ്സോ? ഉദ്യോഗമോബുദ്ധിയോജയശ്രീയോ.
15 അവശ്യമായതൊക്കെമടിവിട്ടപേക്ഷിക്ക
ഈവകനൽകീടുവാനശക്തനല്ലല്ലോതൊൻ.
16 ഓമനേപൊന്നോമനേ,നിനക്കൊരുപകാരം
ചെയ്വതിനൊനിക്കുള്ളയാശനീയറിഞ്ഞെങ്കിൽ.
17 നിനിലുത്തമകുംചിന്തകളേതല്ലാമോ?
നിൻഹൃദയാഹ്ലാദത്തിൻകാരണമെന്തല്ലാമോ?
18 ഈവകസംശുദ്ധമാംജീവിതോദ്ദേശ്യത്തിനു
സാരമാംവിഘ്നങ്ങളോഗണ്യമാംസഹായമോ
19 രക്ഷകർത്താക്കന്മാർബന്ധുമിത്രാദികൾക്കും
സന്തോഷകാരണമോസന്താപനിദാനമോ
20 മുന്നേക്കാളധികമായെന്നെസന്തുഷ്ടനാക്കാൻ
നൂതനോപായങ്ങളൊന്നുംനീകാണുന്നില്ലേ?
21 ഓമനേനിൻമാനസംഭയത്തിനധീനമോ
കാരണമില്ലാതുള്ളപീഡകളുണ്ടാകുന്നോ
22 ശണ്ഠയിലകപ്പെട്ടോദേഹോപദ്രവമേറ്റോ
കുണ്ഠിതംവേണ്ടാകുഞ്ഞേകാരണകർത്താവാരാം!
23 സന്തോഷസന്ദേശങ്ങളേതുംചൊല്ലാനില്ലേ
സന്താപനിവാരണമാർഗ്ഗമോനിന്നാവശ്യം
24 നിന്നിലിന്നുള്ളശ്രേഷ്ഠഗുണങ്ങളെല്ലാംതന്നെ
നിനക്കായ്കൽപിച്ചോതന്നതുനീയോക്കില്ലേ!

25 അജ്ഞാതമാണോ നിനക്കീവകയെല്ലാംതന്നെ
അല്ലെങ്കിലെന്തുകൊണ്ടുനന്ദിഹീകാട്ടുന്നില്ല?
26 ഏവയുമരിവോൻഞാൻസത്ത്വത്തിനധിപൻഞാൻ
ഒന്നുംഹീമറയ്ക്കുണ്ട,വഞ്ചിപ്പാനാശിക്കേണ്ട.
27 നിന്നിൽനിന്നെന്നെയേറെമകറ്റുംപാവങ്ങളെ
നിന്നിൽനിന്നിന്നോളവുംഹീക്ഷമാറായില്ലല്ലോ.
28 സന്മാർഗ്ഗവിഘ്നാതമാംദുർഗ്രന്ഥപാരായണം
ദുർജ്ജനസംസർഗവുംവത്സലാ! ത്യജിക്കുനീ
29 പോകയെൻകുഞ്ഞേ! യിനിനിൻജോലിതുടന്നിടാം
മൗനവുമടക്കവുംക്ഷമയുംകാത്തിടേണം.
30 സ്നേഹിക്കമമമാതാകന്യകമറിയത്തേ
സ്നേഹിക്കനിരന്തരംവിവൃദ്ധസ്നേഹത്താലെ"

നവബർമാസത്തിലെ

പൊതുനിയോഗം—പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള യഥാർത്ഥജ്ഞാനവും തദനുസരണമായ ഭക്തിയും.

മിഷ്യൻ നിയോഗം—ഏതദ്ദേശിയ വൈദികക്കോൾപ്പിക്കപ്പെട്ടിട്ടുള്ള മിസ്സങ്ങൾ.

'വേദപ്രചാരത്തിന്റെ പാപ്പാ,എന്നു' അപരനാമ'ത്തിൽ അറിയപ്പെടുന്ന നമ്മുടെ പരിശുദ്ധപിതാവു് ഈ മാസത്തിൽ ജപമാപ്രൊസ്തോല സഖ്യാംഗങ്ങൾ പ്രത്യേകമായി പ്രാർത്ഥിക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ടു നൽകുന്ന നിയോഗം, തന്റെ ഹൃദയത്തിനത്യന്ത സന്തോഷപ്രദമായ ഏതദ്ദേശിയവൈദികരെ ഏല്പിച്ചിട്ടുള്ള വേദപ്രചാരജോലിയാണു്. പ്രസ്തുതവേല കാര്യക്ഷമമായി നടത്തപ്പെടുന്നതിനു, ഏതദ്ദേശിയവൈദികർക്കു് വിദേശിയവൈദികരെ അപേക്ഷിച്ചു കൂടുതൽ സൗകര്യമുണ്ടെന്നു തിരുമേനി മനസ്സിലാക്കി പാട്ടുള്ളിടത്തെല്ലാം അതാതു ദേശങ്ങളിലെ

വൈദികരെതന്നെ അവിടവിടങ്ങളിലെ ശ്രുപതാദ്ധ്യക്ഷന്മാരായി നിയമിച്ചുവരുന്നകാര്യം എല്ലാവർക്കും അറിവുള്ളതാണല്ലൊ. അതിനാൽ ജപാപ്പൊസ്തോലസഖ്യാംഗങ്ങൾ, പരിശുദ്ധപിതാവിന്റെ നിർദ്ദേശാനുരണം പരിശുദ്ധശ്രുപിയോടുള്ള യഥാർത്ഥഭക്തിയിൽ അഭിവൃദ്ധിപ്പെട്ട, സത്യത്തിന്റെ അശ്രുപിയായ തന്നോട്, ക്രിസ്തുപഠിപ്പിച്ച സത്യവിശ്വാസം ഏതദ്ദേശിയശ്രുപതകളിൽ ഉത്തരോത്തരം പ്രചരിച്ചുവരുവാൻ, ഹൃദയംഗമമായി ഈ മാസത്തിൽ പ്രാർത്ഥിക്കണം.

പ്രസംഗകപ്രഭാഷണങ്ങൾ.

മഹാരാജാവു തിരുമനസ്സിലെ ഭരണധികാരപ്രതിഷ്ഠാപനം.

ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു സ്ഥാനാരോഹണം ചെയ്തപ്പോൾ പ്രസിദ്ധപ്പെടുത്തിയ വിളംബരത്തിൽ, തിരുമനസ്സിലേക്കുപ്രായപൂർത്തിയാകുന്നതുവരെ ആറുവർഷങ്ങൾ മൂത്തതമ്പുരാൻ തിരുമനസ്സുകൊണ്ടു റീജൻറായി ഭരണകാര്യങ്ങൾ നിർവഹിക്കുന്നതായിരിക്കുമെന്നു പ്രസ്താവിച്ചിരുന്നു. അതനുസരിച്ചു ശ്രീചിത്തിരതിരുനാൾ തിരുമനസ്സിലേക്കു ഇപ്പോൾ പ്രായപൂർത്തിയാവുകയും തുലാമാസം പതിനാറാംതീയതി അവിടുന്നു രാജ്യഭരണഭാരം സ്വയം സ്വീകരിക്കയും ചെയ്യുന്നതാണെന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. ഈ കാലംകൊണ്ടു തിരുമനസ്സിലേക്കു ഭരണഭാരം സ്വീകരിപ്പാൻ വേണ്ടും പ്രായം മാത്രമല്ല പൂർത്തിയായിട്ടുള്ളതെന്നും നാനാപ്രകാരേണയുള്ള അഭിജ്ഞതയും പരിശീലനവുംകൂടി അവിടുത്തേക്കു വിശേഷേണ സിദ്ധിച്ചിട്ടുണ്ടെന്നുമുള്ള വസ്തുത ഇതേവരെയുള്ള തിരുമനസ്സിലെ ജീവിതചര്യകളെ സൂക്ഷ്മാവലോകനം ചെയ്യുന്നവർക്കു കാണാവുന്നതാണു്. തിരുവിതാംകൂറിപോലെ പരിഷ്കാരവും അഭിവൃദ്ധിയും ഉൽക്കഷ്ടേച്ഛയുമുള്ള നാനാജാതിമതസ്ഥരുൾപ്പെട്ട ഒരു സംസ്ഥാനത്തെ ശ്രേയോന്മുഖമായി ഭരിച്ചുകൊണ്ടു പോകുന്നതിനു് അസാമാന്യമായ ധിഷണാബലവും പരിജ്ഞാനവും ആവശ്യമുണ്ടെന്നുള്ളതു് അനുഭവസിദ്ധമാണു്. പാശ്ചാത്യവും പൗരസ്ത്യവുമായ തുല്യശ്രേവിജ്ഞാനങ്ങളെ നിരങ്കുശമായി സംഗ്രഹിച്ചിട്ടുള്ള തിരുമനസ്സിലെ ഭരണകാലത്തിൽ തന്റെ ജനങ്ങളുടെ മതസ്വാതന്ത്ര്യത്തിനും മനസ്സാക്ഷിസ്വാതന്ത്ര്യത്തിനും യാതൊരു വിധത്തിലുള്ള ഹാനിയും ന്യൂനതയുമുണ്ടാകുന്നതല്ലെന്നും നമുക്കു് ന്യായമായി വിശ്വസിക്കാവുന്നതാണു്. മതപരിവർത്തനം ചെയ്യുന്നവരുടെ ജന്മാവകാശത്തെ നഷ്ടപ്പെടുത്തുക, ക്രിസ്ത്യാനികൾക്കു് ആരാധനസ്ഥലങ്ങൾ വയ്ക്കുന്നതിനുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുക എന്നിങ്ങനെ തിരുവിതാംകൂർ നിയമസംഹിതയിൽ കിട

ക്കുന്ന ന്യൂനതകളെ; തിരുമനസ്സിലെ നവീനമായ ഭരണകാലത്തിൽ നീക്കിക്കള യുമെന്നും സമാധാനപ്പെടാവുന്നതാണ്. ആകയാൽ സമഭാവനയോടും നീ തിനിഷ്ഠയോടുംകൂടിയ തിരുമനസ്സിലെ ഭരണം അനേകകാലത്തേക്കു ദീർഘിക്ക ന്നതിനും തിരുമനസ്സിലേക്കു സകലവിധമായ ഐശ്വര്യങ്ങളും സിദ്ധിക്കുന്നതി നും ഞങ്ങൾ സർവ്വാത്മനാ ഈ അവസരത്തിൽ ജഗന്നിയന്താവിനോടു പ്രാ ർത്ഥിച്ചുകൊള്ളുന്നു.

വെയിൽസുരാജകുമാരൻ ലൂർട്ടിൽ.

ഇക്കഴിഞ്ഞ തന്റെ പതിനാറാമവർഷത്തിൽ ബിയാർറിസ് എന്ന സ്ഥല ത്തുനിന്നും ആകാശവിമാനമാർഗ്ഗമായി വെയിൽസു രാജകുമാരൻ വിശ്രുതമായ ലൂർട്ടിൽ ചെന്നിരുന്നതായി ലണ്ടനിൽനിന്നു പുറപ്പെടുന്ന യൂണിവേഴ്സ് പ ത്രത്തിൽനിന്നറിയുന്നു. ലൂർദ്പോലെ അതിപ്രസിദ്ധമായ ഒരു കത്തോലിക്ക ദേവാലയത്തിലെ ആരാധനകളിൽ ഭാഗഭാക്കാവുക എന്നുള്ളതു ബ്രിട്ടീഷുരാ ജകുടുംബത്തെ സംബന്ധിച്ചിടത്തോളം അസാധാരണമായ സംഭവമാണ്. എഡ്വർഡ് ചക്രവർത്തിയുടെ കാലം കഴിഞ്ഞതിൽപിന്നെ ലൂർട്ടിലെ പരി ശുദ്ധാജനനിയുടെ ദേവാലയത്തിൽ ജാനസ്പർശം ചെയ്യുന്ന ആദ്യത്തെ ബ്രിട്ടീ ഷുരാജകുടുംബാംഗമാണ് വെയിൽസുരാജകുമാരൻ. തന്റെ അന്യൂനമായ അ നാരോഗ്യാവസ്ഥയിൽ എഡ്വർഡു സപ്തമൻ അത്ഭുതപ്രവർത്തകയായ ലൂർദ്നാ യികയുടെ സന്നിധിയിൽ സന്നിഹിതനായി ആരോഗ്യത്തെ അഭ്യർത്ഥിച്ചു എന്നു ള്ളതു പ്രസിദ്ധമായ സംഭവമായിരുന്നു. മുന്നറിയിപ്പു കൂടാതെ രാജകുമാരൻ ലൂർട്ടിൽ എത്താനും പരിചാരകന്മാരോടുകൂടി സന്നിഹിതനാകയും തന്റെ ഇം ഗ്ലീഷുകാരായ തീർത്ഥയാത്രക്കാരോടൊന്നിച്ചു കേവലം ഒരു സാധാരണക്കാര ന്റെ മട്ടിൽ സ്ഥലംപിടിക്കയും ചെയ്തിരുന്നു. ആകസ്മികമായി രാജകുമാര നെ കണ്ടറിഞ്ഞ ഒരു ഇംഗ്ലീഷുവനിത വെയിൽസുരാജകുമാരനെ ദൈവം അനു ഗ്രഹിക്കട്ടെയെന്നു് ആശ്ചര്യഭരിതയായി വിളിച്ചുപറഞ്ഞപ്പോഴാണത്രെ ജനസ ഞ്ചയത്തിനു തങ്ങളുടെ കൂട്ടത്തിൽ വെയിൽസുരാജകുമാരനുണ്ടെന്നു മനസ്സിലായ തു്. കഠിനമായ മഴ വക്കിച്ചുകൊണ്ടിരുന്നിട്ടും തീർത്ഥയാത്രക്കാരുടെ മദ്ധ്യത്തി ലൂടെ വിശ്രുതകർബാനയുടെ പ്രദക്ഷിണം നടത്തിയപ്പോൾ രാജകുമാരൻ വെ ള്ളവും വെളിയും നിറഞ്ഞ വെറുംനിലത്തു കൂടെയോ വർഷപാതം തടുക്കാൻ മറുപകരണമോ കൂടാതെ ഭക്തിപൂർവം മുട്ടുകുത്തി നഗ്നശിരസ്കനായി നി ന്നിരുന്നു. പ്രദക്ഷിണാനന്തരം ദൈവജനനിയുടെ മനോഹരമായ ഗ്രോട്ടോയെ രാജകുമാരൻ ചുറ്റിനടന്നു കാണുകയും "മെഡിക്കൽബ്യൂറോ"യുടെ ആഫീസുസ ന്ദർശിക്കുകയും ചെയ്തു. അവിടെവെച്ചു മെഡിക്കൽ പരിശോധകന്മാരുടെ ഒ രു പ്രധാനിയായ ഡാക്ടർ ഷെവിബ്യൂറോയുടെ പ്രവർത്തികളെ വിശദമായി രാ ജകുമാരനു മനസ്സിലാക്കിക്കൊടുത്തു. രാജകുമാരന്റെ ഈ ദൈവഭക്തി പ്രക ടനവും ലൂർട്ടുനായികയുടെ അത്ഭുതപ്രവർത്തികളിലുള്ള വിശ്വാസവും ജനസ ഞ്ചയത്തെ അത്ഭുതപരതന്ത്രരാക്കിയിരുന്നു എന്നു കാണുന്നു.

പുസ്തകാഭിപ്രായം.

എൽത്തുരുത്തു് ഇൻഡസ്ത്രിയൽ സ്കൂൾപ്രസ്സിൽനിന്നും പ്രസിദ്ധപ്പെടു ത്തിയിട്ടുള്ള "ആത്മസഖി" എന്ന പ്രാർത്ഥനാപുസ്തകം അഭിപ്രായത്തിനയച്ചു

കിട്ടിയിട്ടു കുറേനാളുകളായി. "പ്രേഷകപൂജകുമാരായ" കൽദായസുറിയാനി കർമ്മാനയുടെ അനുപദപരിഭാഷയും അതിനോടനുബന്ധിച്ചു പല പ്രാർത്ഥനകളും ചേർത്തിട്ടുള്ള ഒന്നാംഭാഗവും, ആണ്ടുവട്ടത്തിനകത്തു വരുന്ന എല്ലാ ഞായറാഴ്ചകളിലേയും പ്രധാനതിരുനാളുകളിലേയും പൂജകളിലെ ലേഖനങ്ങളും സുവിശേഷങ്ങളും കൂടിയുള്ള രണ്ടാംഭാഗവും എന്നിങ്ങനെ രണ്ടിഭാഗങ്ങളോടുകൂടിയ പുസ്തക ഗ്രന്ഥം ഭക്തജീവിതം നയിക്കുവാനാഗ്രഹിക്കുന്നവർക്ക് ഒരു സഹായമായിരിക്കും. രണ്ടാംഭാഗം ഇതരപ്രാർത്ഥനാപുസ്തകങ്ങളെ അപേക്ഷിച്ച് തികച്ചും ഒരു വിശേഷം തന്നെയാണ്. രണ്ടുഭാഗങ്ങളുംകൂടി വെറും വിലയ്ക്കു മുൻപ്രസ്താവിച്ച പ്രസ്സിൽനിന്നും കിട്ടുന്നതാണ്.

ദൈവചിത്തം.

വിശ്രുതനായ റവ. ഫാദർ ലൂക്കാസ്സ് ഒ. എസ്സ്. ബി. ഇംഗ്ലീഷുഭാഷയിൽ രചിച്ചിട്ടുള്ള Gonformity to the will of God എന്ന ചെറു ഗ്രന്ഥത്തിന്റെ അനുപദതർജ്ജിമയാണിതു്. വിഷയത്തിന്റെ വൈശിഷ്ട്യംകൊണ്ടും ഗ്രന്ഥകർത്താവിന്റെ പാണ്ഡിത്യംകൊണ്ടും ആദ്ധ്യാത്മികസാഹിത്യത്തിൽ ഒരു നല്ലപദവിയെ അർഹിക്കുന്ന ഈ അമൂല്യഗ്രന്ഥം കേരളത്തിൽ മഹത്തായ ഫലങ്ങൾ വിളയിക്കുമെന്നു തന്നെയാണ് വെരി. റവ. ഫാദർ അലക്സാണ്ടർ സി. ഡി. യോടുകൂടി ഞങ്ങളും വിചാരിക്കുന്നതു് ഇതിന്റെ പരിഭാഷകൻ മുമ്പേതന്നെ കേരളീയർക്കു പരിചിതനും താപസവര്യനുമായ റവ. ഫാദർ മാർഡലിൻ സി. ഡി. യാണ്. പ്രതി ഒന്നുക്ക് ഒ. ണാ. വിലയ്ക്കു മാന്നാനം സെന്റ് ജോസഫ്സ് പ്രസ്സിൽനിന്നും ഇതു വാങ്ങാം.

കത്തീഡ്രിക്കായ്മം.

ബ. വൈദികരുടെ സ്ഥലംമാറ്റം.

കുളംകുത്തിയിൽ പെ. ബ. ദേവസ്യാച്ചൻ ചാൽസലർ അരമന.
ചാവറയിൽ പെ. ബ. തോമ്മാച്ചൻ വികാരി അതിരമ്പുഴ.
അമ്പിയാത്തു് പെ. ബ. ഗീവറുഗീസച്ചൻ വികാരി. ആലപ്പുഴ.
നടുവിലേക്കുറു് ബ. മത്തായി അച്ചൻ അസിസ്റ്റന്തി മരങ്ങോലി.
കന്നുത്തുർ ബ. യൗസേപ്പച്ചൻ ,, രാമപുരം.
പാറങ്കുളങ്ങരെ ബ. മത്തായി അച്ചൻ ,, പ്രിവിത്താനം.

വരിക്കാരുടെ പ്രത്യേകശ്രദ്ധക്ക്.

മദ്ധ്യസ്ഥൻമാനേജരുടെ അധികാരപത്രംക്രടാതെ വരുന്ന യാതൊരുത്തരുടേയും പക്കൽ മാസികവരിപ്പണം ഏല്പിക്കാൻ പാടില്ലാ.

അധികാരപത്രത്തിൽ മാനേജരുടെഒപ്പും, ആപ്പീസുമുദ്രയുംക്രടാതെ ഇന്നസ്ഥലത്തെ വരിപ്പണംമാത്രം ഇന്നകാലാവധിക്കുള്ളിൽ മാത്രംഎന്നു് പ്രത്യേകം കാണുന്നതായിരിക്കും.

അധികാരപ്പെടുത്തിയിട്ടുള്ള സ്ഥലവും കാലാവധിയുംവിട്ടു് വരിപ്പണംപിരിവു് നടത്തുവാൻ അനുവാദമില്ലാത്തതായിരിക്കും.

യാതൊരുത്തരുടേയും പക്കൽ മാസികവക വരിപ്പണം രസീതു വാങ്ങാതെ ഏല്പിക്കുവാൻ പാടുള്ളതല്ലാ.

മാനേജരുടെ ഒപ്പും, ആപ്പീസുമുദ്രയുംഉള്ള അച്ചടിച്ച രസീതുമാത്രമേ എപ്പോഴും സ്വീകരിക്കാവൂ.

എന്നു്
വേദപ്രചാരമദ്ധ്യസ്ഥൻ
മാനേജർ.

പഞ്ചാംഗം.

നവമ്പർ മാ൦

ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകളുടെ വണക്കമാസം.

ഇം.	മല.	
1.	ഞാ.	പന്ത. മനു-ാ. ഞാ. സകല. ശു. തി. കട്ട്. 2-കട്ട്.
2.	തി.	സകലമരിച്ചവരുടെ ഓമ്മ.
8.	ഞാ.	പന്ത. മു-ാംഞാ. ഹറ്. രു-മെസ്.
15.	ഞാ.	പന്ത. മു-ാംഞാ. കട്. ദ-ഹറ്.
22.	ഞാ.	പന്ത. മസ-ാംഞാ. ഹറ്. സ-ഹറ്.
29.	ഞാ	ആഗമനം. മു-ാംഞാ. കട്. -കട്.

Reg. No. T. 21. വേ. പ്ര. മദ്ധ്യസ്ഥൻ

നോട്ടീസ്.

കമ്മലീത്താസഭക്കാരായ സന്ന്യാസിനീസന്ന്യാസികൾ ഉപയോഗിക്കുന്ന തയ്പിട്ട നിറത്തിലുള്ള ഏന്നാംതരം തുണിത്തരങ്ങളും, പള്ളികളിലും മറ്റും പരവിതാനികൾക്കുപയോഗിക്കുന്ന ജമുക്കാളങ്ങൾ വിവിധ സൈസിലും ഡിസൈനിലും ഇഷ്ടാനുസരണം ഓർഡർ അനുസരിച്ചു സഹായവിലയ്ക്കു കൊടുക്കാൻ എപ്പോഴും തയാറായിരിക്കുന്നു.

പഞ്ചാംപീയൂസുപാപ്പാ, തീർത്ഥയാത്രാസ് മരണകൾ മുതലായ നവീന പുസ്തകങ്ങളും മൻപരസ്യങ്ങളിൽ പറഞ്ഞിട്ടുള്ള പ്രാർത്ഥനപുസ്തകം ന്യൂടെസ്റ്റമെന്റ്, രാജാക്കന്മാരുടെപുസ്തകം, ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ് തിരുഹൃദയാനുകരണം, മുതലായ ഭക്തിസംബന്ധകങ്ങളായ ഗ്രന്ഥങ്ങളും അൾത്താരികർ അവശ്യം വായിച്ചിരിക്കേണ്ടതായ പാപ്പാധിപത്യവും ദാനിയേൽനിരൂപണവും, പുനരൈക്യചിന്തകൾ എന്നിങ്ങനെയുള്ള നിരൂപണഗ്രന്ഥങ്ങളും,

ഇംഗ്ലീഷ്-മലയാളം സ്കൂളുകളിലെ അവശ്യങ്ങൾക്കുള്ള സ്ലേറ്റുബുക്കുകൾ, അക്കൌണ്ടുബുക്കുകൾ, രസീതുബുക്കുകൾ, നോട്ടുബുക്കുകൾ അപ്ലിക്കേഷൻഫോറങ്ങൾ ബിൽഫോറങ്ങൾ മുതലായവയും എപ്പോഴും വിൽപാൻ തയാറുണ്ട്. കൂടാതെ അച്ചടിസംബന്ധമായ (ബൈക്കളർ പ്രിന്റിംഗ് മുതലായുള്ള) സകലജോലികളും ഇഷ്ടാനുസരണവും കൃത്യസമയത്തും മിതമായനിരക്കിലും എപ്പോഴും ചെയ്തുകൊടുക്കപ്പെടുന്നതാണ്.

സെന്റ് ജോസഫ്സ് ഓർഫനേജ് ഇൻഡസ്ട്രിയൽസ്കൂൾ
ചങ്ങനാശേരി.

Printed and published by *Rev. Fr. M. Alakalam* at the St. Joseph's Orphanage Press Changanacherry.